# JIHAD

Hadhrath Mirza Ghulam Ahmad (A)

This booklet is the Malayalam version of the treatise on Jihad by Hadhrat Mirza Gulam Ahmad(A)of Qadian, Holy founder of the World Ahmadiyya Movement in Islam, written in urdu in 1900

The author who is the Promised Massiah and Mahdi deals here with the doctrine of Jihad. It is one of the teaching of the Islam which is widely misrepresented This booklet is the Malayalam version of the treatise on Jihad by Hadrat Mirza Gulam Ahmad(A) Qadian, Holy founder of the World Ahmadiyya Movement in Islam, written in urdu in 1900

The author who is the Promised Massiah and Mahdi deals here with the doctrine of Jihad. It is one of the teaching of the Islam which is widely misrepresented one which Ahmadiyya muslims and the common muslims are at variance with Islamic Jihad as taught and explained by the author is not of sword and warfare while the muslims in general differed with him. But, now, the majority of muslim intelligentsia and the thoughtful theologians whole heartedly support the Ahmadiyya version of Jihad. However Moulana Moudoodi the founder of Jamath -e-Islami and others of his line of thinking persist in the militancy which is altogether alien to Islam the Religion of Peace.

This malayalam rendering of the booklet is done by N.Abdurrahim(Late),Former Editor,Sathyadoothan, Malay alam Organ of the movement.

- Publishers

ISLAM INTERNATIONAL PUBLICATIONS,KERALA

# ജിഹാദ്

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)



ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)
(വാഗ്ദത്ത മഹ്ദീ മസീഹ്)

# ജിഹാദ്

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്

*വിവർത്തനം*
എൻ. അബ്ദുർറഹീം

*പ്രസാധകർ*
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്

**Jihad**
(Malayalam)

Author :
Hadhrath Mirza Gulam Ahmad(A)

Translator :
N.Abdurrahim

Printe d at:
Geethanjali Offset Printers, Calicut.

Published by :
Islam International Publications, Kerala

Copies: 3000

I[s] Edition : July 2007

II[nd] Edition : November 2011

Price: 25/-



# പ്രസാധക കുറിപ്പ്

ഇസ്‌ലാം സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും മതമാണ്. സ്നേഹത്തിനും കാരുണ്യത്തിനും മാത്രമേ അവിടെ സ്ഥാനമുള്ളൂ അക്രമത്തിനും, അരാജകത്വത്തിനും, കൊലവിളിക്കും ഇസ്‌ലാമിൽ ഒരു സ്ഥാനവുമില്ല. ഈ കാര്യങ്ങളൊക്കെയും സ്വജീവിതത്തിൽ പ്രാവർത്തികമാക്കി അനുചരർക്ക് പഠിപ്പിച്ച് കൊടുക്കുകയായിരുന്നു 140 പതിറ്റാണ്ട് മുമ്പ് ലോകാനുഗ്രഹിയായ പ്രവാചകൻ ഹദ്റത്ത് നബി (സ) ചെയ്തത്. എന്നാൽ ആ മഹാനുഭവന്റെ വിയോഗ ശേഷം ഇസ്‌ലാമിന്റെ നേതൃത്വം ഏറ്റെടുത്ത ഖലീഫമാരിൽ രണ്ട് പേർ വധിക്കപ്പെടാനുണ്ടായ സാഹചര്യം ഉളവായത് ദു:ഖകരമാണ്. തുടർന്ന് പലയുദ്ധങ്ങളും അനേകം ജീവഹാനികളും മുസ്‌ലീം ലോകത്ത് സംഭവിച്ചു. ഈ യുദ്ധങ്ങൾക്കും, നബിതിരുമേനി(സ)യുടെ കാലത്ത് നടന്ന യുദ്ധങ്ങൾക്കും ഇസ്‌ലാമികലോകം പിന്നീട് 'ജിഹാദ്' എന്ന വ്യാഖ്യാനം നൽകുകയും ഭാഷാപണ്ഡിതന്മാർ അതിന് വിശുദ്ധ യുദ്ധം എന്ന് അർത്ഥം നൽകുകയും ചെയ്ത് കൊണ്ട് പരിശുദ്ധ ഖുർ ആനിലെ 'ജിഹാദ്' എന്ന പദത്തെയും അത് ലക്ഷ്യം വെക്കുന്ന മഹത്തായ ആശയത്തെയും വികലമാക്കുകയുണ്ടായി. തങ്ങളുടെ ചെയ്തികളിലൂടെ മുസ്‌ലീം ലോകം അതിന് കൂട്ട് നിൽക്കുകയും ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭം വരെ നിലനിന്ന ഈ ആശയത്തെനിരാകരിച്ച് കൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ലോകത്തോട് പറഞ്ഞു ജിഹാദ് എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കുള്ള പരിശ്രമമാണ്. ഇസ്‌ലാമിന്റെ ആദ്യകാലത്ത് നിലനില്പിന് വേണ്ടി നടത്തിയ പ്രതിരോധാ

ത്മങ്ങളായ യുദ്ധങ്ങളെ ജിഹാദ് എന്ന് വിളിക്കാമെങ്കിലും ജിഹാദ് ഒരിക്കലും അക്രമിക്കുവാൻ പ്രേരണ നൽകുന്നില്ല. അത് വരെയും തെറ്റിദ്ധരിപ്പിക്കപ്പെട്ട ജിഹാദിന്റെ യഥാർത്ഥ തത്വം ലോകത്തോട് വിളിച്ചു പറഞ്ഞതിനാണ് അന്നത്തെ മുസ്ലീം ഉലമാക്കൾ ഹദ്റത്ത് അഹ്മദ് (അ)നെതിരെ 'കുഫ്റ് ഫത്വ' പുറപ്പെടിവിച്ചത്. എന്നാൽ ആ മഹാനുഭവൻ അല്ലാഹു തന്നെ ഭാരമേല്പ്പിച്ച ഇസ്ലാമിന്റെ പുനരുദ്ധാരണ മെന്ന ദൗത്യം നിർവ്വഹിച്ച് കൊണ്ട് വീണ്ടും പറഞ്ഞു ഈ കാലഘട്ടത്തിൽ ജിഹാദ് ചെയ്യേണ്ടത് വാളുകൊണ്ടല്ലാ തൂലികകൊണ്ടാണ്. ഹൃദയപരിവർത്തനത്തിലൂടെയാണ് ഇസ്ലാം പ്രചരിക്കേണ്ടത് അത് സാദ്ധ്യമാവുക സാഹിത്യങ്ങളിലൂടെയും ഉന്നതമായ ജീവിത മാതൃകകളിലൂടെയുമാണ്. സാഹിത്യങ്ങൾക്ക് ഇതിൽ വലിയ പങ്ക് നിർവ്വഹിക്കാനുണ്ട്, ഈ കാര്യങ്ങളൊക്കെ വിവരിച്ച് കൊണ്ട് അഹ്മദിയാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) രചിച്ച ഉർദു ഗ്രന്ഥത്തിന്റെ മലയാള വിവർത്തനമാണ് 'ജിഹാദ്' എന്ന കൊച്ചു പുസ്തകം. നേരത്തെ ക്രസന്റ് ബുക്ക് സെന്റർ പ്രസിദ്ധീകരിച്ച ഈ പുസ്തകം വിവർത്തനം ചെയ്തത് കേരളാ അഹ്മദിയ്യാ സാഹിത്യ രചനാ രംഗത്ത് ഒരിക്കലും മായാത്ത മുദ്രപതിപ്പിച്ച മർഹും എൻ അബ്ദുറഹീം സാഹിബാണ്. ഇന്നും മതത്തിന്റെ പേരിൽ കൊലവിളി നടത്തുന്നവർക്ക് മതത്തിന്റെ ശരിയായ മാർഗ്ഗം കാണിച്ച് കൊടുക്കുവാനുതകുന്ന ഈ പുസ്തകം കൈരളിക്ക് സമ്മാനിച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ പ്രിയങ്കരനായ എൻ. അബ്ദുറഹീം സാഹിബിന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ (ആമീൻ) അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കണമെന്ന് അനുവാചകരോടഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഈ പുസ്തകം പുനഃപ്രസിദ്ധീകരിക്കുവാൻ ഞങ്ങൾക്ക് സന്തോഷ പൂർവ്വം അനുവാദം നൽകിയ ക്രസന്റ് ബുക്ക് സെന്ററിന്റെ അവകാശികൾക്കും ഇതിന്റെ പ്രൂഫ് റീഡിങ്ങും മറ്റും



നിർവ്വഹിച്ച മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബിനും പ്രൊഫ: മഹ്മൂദഹമദ്സാഹിബിനും ഹൃദയംഗമമായ നന്ദി രേഖപെടുത്തുന്നു..

വർത്തമാന കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണ ചിലവ് വഹിച്ചത് മോഗ്രാൽ ജമാഅത്തിലെ മർഹും മമ്മു മാസ്റ്റർ സാഹിബിന്റെ മക്കളാണ്. അദ്ദേഹത്തിന്റെ സ്മരണാർത്ഥം ചെയ്ത ഈ സദഖാ ജാരിയ അല്ലാഹു സ്വീകരിക്കുമാറാകട്ടെ (ആമീൻ)

കാസർകോട് ജില്ലയിലെ മോഗ്രാലിൽ അഹ്മദിയാ ജമാഅത്തിന്റെ നിലനില്പിന്നായി ഏറെ ത്യാഗം ചെയ്ത മമ്മു മാസ്റ്ററെ അഹ്മദിയായി എന്ന ഒറ്റ കാരണത്താൽ, അന്നാട്ടിലെ യാഥാസ്തികരായ മുസ്ലീംങ്ങൾ കഠിനമായി ദ്രോഹിക്കുകയും ചെരുപ്പുമാല അണിയിച്ച് അദ്ദേഹത്തെ നഗരത്തിലൂടെ നടത്തിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള എതിർപ്പുകളെയെല്ലാം അതിജീവിച്ച് യഥാർത്ഥ ഇസ്ലാമിന് വേണ്ടി ജിഹാദ് നടത്തിയ മമ്മു മാസ്റ്റർ സാഹിബിന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ (ആമീൻ) എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ പുസ്തകം സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

സദ്ർ
പബ്ലിക്കേഷൻ കമ്മിറ്റി, കേരള

## ആമുഖം

തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും ഇസ്‌ലാമിന്റെ മാർഗ്ഗമല്ല. ഇസ്‌ലാമിന്നവ അപരിചിതവും അജ്ഞാതവുമാണ്. സമാധാനത്തിന്റെ, ശാന്തിയുടെ മാർഗമാണ് ഇസ്‌ലാം. ഹൃദയപരിവർത്തനത്തിലൂടെ ലോകം കീഴടക്കാനാണ് ഇസ്‌ലാം ലക്ഷ്യമിട്ടത്. സന്മാർഗ്ഗത്തിലൂടെയും സത്യപാതയിലൂടെയും ദൈവത്തെ കണ്ടെത്താൻ പരിശ്രമിച്ച ലക്ഷംലക്ഷം ജനങ്ങളെ അതാകർഷിച്ചു. അതിന്റെ കൊടിക്കീഴിൽ ജനകോടികൾ അണിനിരന്നു. വാളിനു ജനമനസ്സിനെ കീഴ്പ്പെടുത്താനാവില്ല. കാൽനൂറ്റാണ്ടിനിടയിൽ കാൻടൺ മുതൽ കൊർഡോവ വരെ സുന്ദരമായ കുളിർകൊടുങ്കാറ്റടിപ്പിച്ച ഇസ്‌ലാമിനെ, മുസ്‌ലിം ശക്തിയെ അരിഞ്ഞു വീഴ്ത്താൻ വാളുകളുയർന്നപ്പോഴാണ് ഇസ്‌ലാമിന്റെ ഖഡ്ഗവും മിന്നിയത്.

‘ജിഹാദ്’ എന്നാൽ പരിശ്രമം എന്നാണർത്ഥം. മതത്തിന്റെ പേരിൽ അവിശ്വാസികൾക്കെതിരെ വാൾ ചുഴറ്റലല്ല ജിഹാദ്. അങ്ങനെയാണ് അതിന്റെ അർത്ഥമെന്നതു ഇസ്‌ലാമിന്റെ കൊടുംവൈരികൾ പ്രചരിപ്പിച്ച അസംബന്ധമാണ്. മതത്തിന്റെ പേരിൽ ചിലപ്പോൾ ചെയ്യേണ്ടിവരുന്ന യുദ്ധങ്ങൾക്കും ജിഹാദ് എന്ന് പറയാവുന്നതാണെന്ന് മാത്രം. എന്നാൽ, പ്രതിരോധപരവും, പ്രത്യാക്രമണപരവും, പ്രമോചനപരവുമായ യുദ്ധങ്ങളല്ലാതെ ആക്രമണാത്മകമായ യുദ്ധത്തിന് ഇസ്‌ലാമിൽ അനുവാദമില്ല. മതം പരത്താനുള്ള യുദ്ധത്തിന് ഇസ്‌ലാമിൽ സ്ഥാനമേയില്ല. ‘**ലാ ഇക്റാഹ ഫിദ്ദീൻ**’ -മതത്തിൽ ബലാൽക്കാരമില്ല- എന്നു ഖുർആൻ പ്രഖ്യാപിച്ചിരിക്കു



ന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) മതയുദ്ധങ്ങൾക്ക് വിരാമമിടുമെന്ന് തിരുനബി(സ) പ്രവചിച്ചിട്ടുള്ളതുമാണ്. നാവും തൂലികയുംകൊണ്ട് ഇസ്‌ലാമിന്റെ സത്യത്തെ പ്രഘോഷണം ചെയ്യലാണ് ഇക്കാലത്തെ ജിഹാദ്. കൂടാതെ ആത്മശുദ്ധീകരണത്തിനു വേണ്ടി സ്വത്വത്തോട് ചെയ്യുന്ന യുദ്ധവും ജിഹാദ് തന്നെ.

“അതു(ഖുർആൻ) മുഖേന നിങ്ങൾ വലുതായ ജിഹാദ് നടത്തുക'' (25:53) എന്ന ആയത്തിനു മൗലാനാ അബുൽകലാം ആസാദ് നല്കിയ വ്യാഖ്യാനം ഇതാണ്:

“ഇതിൽ പറഞ്ഞ ജിഹാദ് വാളുകൊണ്ടുള്ള ജിഹാദ് ആയിരിക്കാവതല്ല. നിശ്ചയമായും ‘ജിഹാദെ കബീർ’ സത്യത്തിന്റെ നിലനില്പിനും അതിന്റെ വഴിയിൽ സകല ആപത്തുകളും യാതനകളും സഹിക്കുന്നതിനുമുള്ള പേരാകുന്നു. (*മസ്അലയെ ഖിലാഫത്ത് വ ജസീറത്തുൽ അറബ്, -ഭാഗം, 109*).

അല്ല, ഒരിക്കലുമല്ല! ഇസ്‌ലാം വാളാൽ പ്രചരിച്ച മതമല്ല! ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളുടെ പ്രശോഭയും തിരുനബിയുടെ മഹനീയമായ മാതൃകയുടെ തിളക്കവും മുസ്‌ലിംകളുടെ കുലീനമായ പെരുമാറ്റത്തിന്റെ പ്രകാശപ്പൊലിമയുമാണ് അതിന്റെ വിജയപ്രചാരങ്ങളുടെ രഹസ്യം. അല്ലെന്ന് പറയുന്നവർ സത്യത്തെ ഞെക്കിക്കൊല്ലുന്നവരത്രെ. വാൾചുഴറ്റിയപ്പോഴാണ് അറബികൾ ഇസ്‌ലാമിന് തലകുനിച്ചതെന്ന് പറയുന്നവർ കള്ളംപറയുന്നു.

ഇക്കാലത്തെ ഇസ്‌ലാമിനെ ഫാസിസമാക്കാൻ തുനിഞ്ഞിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ മൗലാനാ അബുൽ അഅ്ലാ മൗദൂദി, ജിഹാദിന് നല്കിയ വ്യാഖ്യാനത്തിലൂടെ ഇസ്‌ലാമിന്റെ മുഖത്ത് കരിവാരിതേച്ചിരിക്കുന്നു. സകല മാർഗ്ഗങ്ങളും പരാജയപ്പെട്ട ശേഷം വാളെടുത്തപ്പോഴാണ് തിരുനബിയ്ക്ക് വിജയം കൈവന്നതെന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ

സ്വന്തം വാചകങ്ങൾ ഇതാ:

لیکن جب وعظ و تلقین کی ناکامی کے بعد داعیٔ اسلام نے ہاتھ میں تلوار لی..... تو دلوں سے رفتہ رفتہ بدی و شرارت کا زنگ
چھوٹنے لگا عرب کی طرح دوسرے ممالک نے بھی جو اسلام کو اس سرعت سے قبول کیا کہ ایک صدی کے اندر چوتھائی
دنیا مسلمان ہوگئی تو اس کی وجہ بھی یہی تھی کہ اسلام کی تلوار نے ان پردوں کو چاک کر دیا جو دلوں پر پڑے ہوئے تھے۔"

"പ്രഭാഷണങ്ങളും സദുപദേശങ്ങളും നിഷ്ഫലമായി ഭവിച്ചതിൽപിന്നെ ഇസ്ലാംമതപ്രബോധകൻ കൈയിൽ വാളേന്തിയപ്പോൾ.......... ഹൃദയങ്ങളിൽനിന്നു തിന്മകളുടേയും അക്രമങ്ങളുടേയും തുരുമ്പു ഇളകിത്തുടങ്ങി...... അറബ് നാട്ടിനെപ്പോലെ മറ്റുരാജ്യങ്ങളും ഒരു നൂറ്റാണ്ടിനിടയിൽ ലോകത്തിന്റെ നാലിലൊരു ഭാഗവും മുസൽമാൻ ആയിത്തീരുമാറ് അനായാസേന ഇസ്ലാംമതമവലംബിച്ചു. ഇസ്ലാമിന്റെ വാൾ മനുഷ്യഹൃദയങ്ങളെ മറച്ചിരുന്ന തിരശ്ശീലകളെ കീറിമുറിച്ചു എന്നതായിരുന്നു ഇതിനു കാരണം". (അൽ ജിഹാദ് ഫിൽ ഇസ്ലാം, ഭാ: 137:138).

ഈ പ്രസ്താവന ഇസ്ലാമിന്റെ കൊടുംവൈരികൾ പുറപ്പെടുവിച്ച അന്യായമായ ആക്ഷേപത്തിന്റെ ആവർത്തനം മാത്രമാണ്.

ഇസ്ലാം വാളാൽ പരന്ന മതമാണെന്ന് ഇസ്ലാമിന്റെ ശത്രുക്കളായ പാതിരിമാരും ഓറിയന്റലിസ്റ്റുകളും പുറപ്പെടുവിച്ചുപോന്ന അതേ ആക്ഷേപംതന്നെ ഇസ്ലാമിന്റെ പുനഃസ്ഥാപകനും വ്യാഖ്യാതാവുമായി വിവരിക്കപ്പെടുന്ന മൗദൂദി സാഹിബും ഉന്നയിച്ചിരിക്കുന്നു.! കഴിഞ്ഞ നൂറ്റാണ്ടുകളിൽ ക്രിസ്തീയപാതിരിമാരും പൗരസ്ത്യവിജ്ഞൻമാരും തിരുനബി(സ)യെ 'വാളിന്റെ പ്രവാചകനാ'യി വിശേഷിപ്പിച്ചിട്ടുണ്ടായിരുന്നു. ക്രിസ്തീയ പ്രഭാവമുള്ള അമേരിക്കയിലെ റിസർച്ച് സ്ഥാപനങ്ങളിൽനിന്ന് വമ്പിച്ച ആനുകൂല്യങ്ങൾ നേടിയ മൗദൂദി



സാഹിബ് തന്റെ ജിഹാദ് വ്യാഖ്യാനത്തിലൂടെ തിരുനബി (സ)യെ 'വാളിന്റെ പ്രവാചക' നായും യുദ്ധവീരനായും അവതരിപ്പിച്ചിരിക്കുകയാണ്! إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ

1. പാതിരി മാൽക്കം മൈക്കിൾ 'ട്വൊന്റീയത്ത് സെൻചറി' യിൽ എഴുതിയ പ്രബന്ധത്തിൽ ഇപ്രകാരം പറഞ്ഞു:

"ഖുർആൻ ലോകത്തെ രണ്ടു ഭാഗമായി വിഭജിക്കുന്നു: 'ദാറുൽ ഇസ്ലാം' അതായത് ഇസ്ലാമിക രാജ്യവും, 'ദാറുൽ ഹർബ്' അതായത് ശത്രുരാജ്യവും. മുസ്ലിംകൾ അല്ലാത്തവരെല്ലാം ഇസ്ലാമിന്റെ ശത്രുക്കളാണ്. അതുകൊണ്ട് അവിശ്വാസികൾക്കെതിരെ, അവർ ഇസ്ലാംമതം സ്വീകരിക്കുകയോ അല്ലെങ്കിൽ വധിക്കപ്പെടുകയോ ചെയ്യുന്നതിനു തയ്യാറാകുവോളം യുദ്ധം ചെയ്യേണ്ടത് യഥാർത്ഥ മുസ്ലിംകളുടെ കടമയാണ്. ഇതാണ് ജിഹാദ് അഥവാ പരിശുദ്ധയുദ്ധം. ലോകത്തുള്ള അവിശ്വാസികൾ മുഴുവനും ഇസ്ലാം സ്വീകരിക്കയോ അല്ലെങ്കിൽ അവരുടെ ഓരോ ആളും കൊല്ലപ്പെടുകയോചെയ്യുമ്പോൾ മാത്രമേ ഇതിനു പരിസമാപ്തി കുറിക്കപ്പെടുകയുള്ളു. അവസരം വരുമ്പോൾ അമുസ്ലിംലോകത്തോടു ജിഹാദ് നടത്തേണ്ടത് ഇസ്ലാമിന്റെ ഖലീഫയുടെ പരിശുദ്ധമായ കർത്തവ്യമാകുന്നു". (Twentieth Century, Dec. 1877 P. 832).

2. സർ വില്യം മുയിർ 'ലൈഫ് ഓഫ് മുഹമ്മ'ദിൽ ഇപ്രകാരം പറഞ്ഞു: "മദീനത്തെത്തി ശക്തി സമാർജ്ജിച്ചപ്പോൾ സ്വാതന്ത്ര്യത്തിനു പകരം അസഹിഷ്ണുതയും സമ്മർദ്ദത്തിനു പകരം ബലപ്രയോഗവും അതിശീഘ്രം സ്ഥാനം പിടിച്ചു...... കാണുന്നിടത്തുവച്ചു കാഫിറിനെ കൊല്ലുക എന്നത് ഇസ്ലാമിന്റെ മുദ്രാവാക്യമായിത്തീർന്നു".- Intolerence quickly took place of freedom, force of persuation...... slay unbeliever wherever ye find was now the watchword of Islam(Life of Muhammad,

p: 533, Lond. 1887).

3. മേജർ ഓസ്ബേൺ 'ഇസ്‌ലാമും അറബ് ഭരണവും' എന്ന ഗ്രന്ഥത്തിൽ 'ജിഹാദ്' എന്ന തലക്കെട്ടിൽ പറഞ്ഞു:

"തനിക്ക് കഷ്ടപ്പാടുകൾ അനുഭവപ്പെട്ടിരുന്ന ഘട്ടത്തിൽ അദ്ദേഹം പഠിപ്പിച്ചിരുന്ന തത്ത്വങ്ങളിലൊന്ന് മതത്തിൽ ഒരു നിർബന്ധവും പാടില്ല എന്നതായിരുന്നു....... എന്നാൽ, വിജയത്തിന്റെ മത്ത് തന്റെ ആ ഉൽക്കൃഷ്ടവിചാരങ്ങളെ വളരെ മുമ്പേ അദ്ദേഹത്തിൽ നിശ്ശബ്ദമാക്കിക്കളഞ്ഞിരുന്നു. അദ്ദേഹം യുദ്ധത്തിന്റെ പൊതുപ്രഖ്യാപനം നടപ്പാക്കിയിരുന്നു. അതിന്റെ ഫലം ഇതാണ്: അറബികൾ ഒരു കൈയിൽ ഖുർആനും മറുകൈയിൽ വാളുമായി കത്തിപ്പടരുന്ന തീജ്വാലകളുടെയും നശിച്ചൊടുങ്ങിയ കുടുംബങ്ങളുടെ അലമുറകളുടെയും നടുവിലൂടെ തങ്ങളുടെ മതത്തെ പരത്തി" (Islam and the Arab Rule, Longman Green Ltd. Lond. p.46)

4. ഡോസി (Dozey) ഇപ്രകാരം പറഞ്ഞു:

"മുഹമ്മദിന്റെ ജനറൽമാർ ഒരു കൈയിൽ വാളും മറുകൈയിൽ ഖുർആനും ഏന്തിക്കൊണ്ടാണ് മതോപദേശം നടത്തിയത്.

5. സ്മിത്ത് പറഞ്ഞു: "തന്റെ ഒരു കൈയിൽ വാളും മറു കൈയിൽ ഖുർആനും ഏന്തിക്കൊണ്ടാണ് അദ്ദേഹം (തിരുനബി-സ) വിവിധ ജനതകളിൽ മതം പരത്തിയത്".

6. ജോർജ്ജ് സെയിൽ പറഞ്ഞു: "തനിയ്ക്ക് കൂട്ടാളികൾ വർദ്ധിച്ചപ്പോൾ അവരുടെ – 'അവിശ്വാസികളുടെ' മേൽ ആക്രമണം നടത്താനും വിഗ്രഹാരാധനയെ വാൾബലംകൊണ്ടു നശിപ്പിച്ചു, സത്യദീനിനെ സ്ഥാപിക്കാനും അല്ലാഹുവിൽനിന്ന് അനുമതി കിട്ടിയിട്ടുണ്ടെന്നു അദ്ദേഹം അവകാശപ്പെട്ടു".



7. ഫാദർ ഫേണ്ടർ 'മീസാനുൽ ഹഖ്ഖി'ൽ "വാളെടുത്ത പ്രവാചകൻ" എന്നു തിരുനബി(സ)യെപറ്റി പറഞ്ഞു: "മുസ്‌ലിംകളുടെ ഇടയിൽ ഒരു 'ജിഹാദ്' (വിശുദ്ധയുദ്ധം) പ്രഖ്യാപിക്കപ്പെടുമ്പോൾ ഒരു അഫ്ഘാൻ 'ഗാസി' ശത്രുവിനു നേരെ ക്രൂരഭാവത്തോടെ പാഞ്ഞുചെന്നു അവൻ കൊല്ലപ്പെടുന്നതുവരെയും യുദ്ധം ചെയ്യുകയും, അങ്ങനെ അനേകം ശത്രുസൈന്യം തന്റെ ചുറ്റും നിഹതൻമാരായി വീഴുകയും ചെയ്താൽ, അവൻ ഒരു നിലയിൽ ഇസ്‌ലാംമതത്തിലെ വീരസന്താനമായി പരിഗണിക്കപ്പെടുന്നതാണ്". [മീസാനുൽ ഹഖ്ഖ, (1835), പേർഷ്യൻ പതിപ്പ് – സത്യത്തിന്റെ തുലാസ്സ് (1982) മലയാളം പതിപ്പ്, മർക്കസുൽ ബിശാറ, മഞ്ചേരി, ഭാ.219] .

8. ഹെൻരി കൂപ്പി പറഞ്ഞു: "പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം തനിക്ക് പ്രതിരോധപരമായ യുദ്ധം ചെയ്യാൻ മാത്രമല്ല, തന്റെ മതം വാൾകൊണ്ടു പ്രചരിപ്പിക്കാനും അനുവാദം നല്കിയിരിക്കുന്നു എന്നു വാദിച്ചു" (അറബികളുടെ സ്പെയിനിൻഭരണം, ഹെൻരി കൂപ്പി, ഒന്നാം വാല്യം, ഉദ്ധൃതം – മുഖദ്ദിമ തഹ്ഖീഖുൽ ജിഹാദ്, ഭാ. 31)

9. ഡോ. എ. സ്പ്രിംഗർ പറഞ്ഞു: ഇപ്പോൾ ഇസ്‌ലാമിന്റെ പ്രവാചകൻ കുഴപ്പങ്ങളെ നേരിടുന്നതിനായി തന്റെ ശത്രുക്കളോടു യുദ്ധം ചെയ്യാനുള്ള നിയമം ദൈവത്തിന്റെ പേരിൽ പുറപ്പെടുവിച്ചു. അതു മുതൽക്ക് ഈ നിയമം തന്റെ രക്തമതത്തിന്റെ യുദ്ധമന്ത്രമായിത്തീർന്നു". (മുഖദ്ദിമ തഹ്ഖീഖുൽ ജിഹാദ്, ഉദ്ധൃതം– മദ്ഹബ് കെനാം പർ ഖൂൻ: ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്, ഭാ. 32).

10. സ്വാമി ദയാനന്ദ സരസ്വതി പറഞ്ഞു:

"നിരപരാധികളെ ഹനിക്കുന്നതു വലിയ പാപമാണ്. മുഹമ്മദീയ മതത്തെ സ്വീകരിക്കാത്തവർ കാഫിർ

ആണെന്നു അവർ വിശ്വസിക്കുന്നു. അങ്ങനെയുള്ളവരെ കൊല്ലുകയാണ് വേണ്ടതെന്നും അവർ വിശ്വസിക്കുന്നു. അതനുസരിച്ചു അവർ ചെയ്തു വരികയും ചെയ്തു. മതത്തിനുവേണ്ടി യുദ്ധം ചെയ്തു ചെയ്ത് സ്വന്തരാജ്യം തന്നെ അവർ കളഞ്ഞു. മറ്റുള്ളവരെക്കൂടി നിഷ്ഠൂരരാക്കുന്ന ഉപദേശങ്ങളാണ് മുഹമ്മദ് മതം ഉപദേശിക്കുന്നത്". (സത്യാർത്ഥ പ്രകാശം, മലയാളം, ഭാ-841-842).

ഇതുതന്നെയല്ലേ മൗദൂദി സാഹിബും ആവർത്തിച്ചു പറഞ്ഞത്? അതായതു, ഇസ്‌ലാം വാളാൽ പരന്ന മതമാണെന്നു! മൗദൂദിസാഹിബ് ഇതിലപ്പുറവും പറഞ്ഞു: ഇതാ, അദ്ദേഹത്തിന്റെ വാചകം:

کوئی ایک مملکت بھی اپنے اصول و مسلک کے مطابق پوری طرح عمل نہیں کر سکتی جب تک کہ ہمسایہ ملک میں بھی وہی اصول و مسلک نہ رائج ہوجائے ۔اگر اس میں طاقت ہوگی وہ لڑکر غیراسلامی حکومتوں کو مٹادےگی۔اور ان کی جگہ اسلامی حکومت قائم کرےگی۔

" ഒരൊറ്റ രാഷ്ട്രത്തിനും അതിന്റെ ആദർശവും പരിപാടിയും അനുസരിച്ചു പൂർണമായ തരത്തിൽ പ്രവർത്തിക്കാൻ സാദ്ധ്യമല്ല- അയൽരാജ്യങ്ങളിലും അതേ ആദർശവും പരിപാടിയും നടപ്പിൽ വരുത്തിയാലല്ലാതെ........ മറ്റൊരു വശത്ത് ശക്തിയുണ്ടെങ്കിൽ യുദ്ധം ചെയ്തു അമുസ്‌ലിം ഭരണങ്ങളെ നശിപ്പിച്ചു തൽസ്ഥാനത്ത് ഇസ്‌ലാമിക ഭരണം സ്ഥാപിക്കുകയും ചെയ്യുന്നതാണു" (ഹഖീഖത്തെ ജിഹാദ്, ഭാ. 64).

ഇതു ഫാസിസ്റ്റ് തത്ത്വമാണ്. ഇതു കമ്യൂണിസ്റ്റ് വിപുലീകരണ വാദമാണ്. ലെനിൻ പറഞ്ഞു:

Victorious proletariat having expropraited the capitalists and organised socialist production at home would stand up against the rest of the world attracting to its cause and oppressed classes of other countries raising



revolts in those countries against the capitalists and in the event of necessity coming out even with armed forces against the exploiting classes and their states.

"വിജയികളായ തൊഴിലാളിവർഗം മുതലാളിമാരുടെ സ്വത്തുക്കൾ പിടിച്ചടക്കുകയും സോഷ്യലിസ്റ്റ് ഉല്പാദനം ക്രമപ്പെടുത്തുകയും ചെയ്തശേഷം ശിഷ്ടം ലോകത്തോടു, മുതലാളിത്തലോകത്തോട് സമരത്തിന്നൊരുങ്ങും. അതോടൊപ്പംതന്നെ ഈ രാജ്യങ്ങളിലെ മർദ്ദിതവർഗങ്ങളെയെല്ലാം തങ്ങളുടെ ലക്ഷ്യത്തിലേയ്ക്ക് ആകർഷിക്കുകയും ആ രാജ്യങ്ങളിൽ മുതലാളിമാർക്കെതിരെ വിപ്ലവങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയും ആവശ്യമായി വരികയാണെങ്കിൽ ചൂഷക വർഗങ്ങൾക്കും അവരുടെ രാഷ്ട്രങ്ങൾക്കും എതിരെ സായുധ സൈന്യത്തെ തന്നെ നയിക്കുകയും ചെയ്യുന്നതാണ്". (Quoted, Problems of Leninism- Stalin, page 147).

ഫാസിസത്തോടും കമ്യൂണിസത്തോടും ഒപ്പിച്ചുകൊണ്ട്, അവയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ് മൗദൂദി സാഹിബ് തന്റെ ജിഹാദിനെ പ്രചരിപ്പിച്ചിട്ടുള്ളതും. തന്റെ ഇസ്‌ലാമിക ഭരണസങ്കല്പത്തെ പറ്റി അദ്ദേഹം പറയുന്നതിങ്ങനെ:

Considered from this aspect the Islamic state bears a kind of resemblance to Fascist and Communist regimes.

" ഈ അടിസ്ഥാനത്തിൽ ഈ സ്റ്റേറ്റ് - ഇസ്‌ലാമിക് സ്റ്റേറ്റ് - ഫാസിസ്റ്റ് - കമ്യൂണിസ്റ്റ് ഭരണങ്ങളോട് ഒരു തരത്തിൽ സാമ്യമുള്ളതാണ്". (Political Theory of Islam - Moududi, p.40)

ജിഹാദിന് "രാഷ്ട്രാന്തരീയ വിപ്ലവപരിശ്രമം (International Revolutionary Struggle) എന്നാണ് മൗദൂദി സാഹിബ് അർത്ഥം പറഞ്ഞത്. ('ജിഹാദ് ഫീ സബീലില്ലാഹ്' നോക്കു

ക).

എവിടെ യൂറോപ്യൻ ഫാസിസം? എവിടെ കമ്മ്യൂണിസ്റ്റ് രാഷ്ട്രാന്തരീയ വിപ്ലവം? എവിടെ വർഗസമരത്തിന്റെ സിദ്ധാന്തം? എല്ലാം ജർമനിയുടെയും, സോവിയറ്റ് യൂണിയന്റെയും തകർച്ചയോടെ തകർന്ന് തരിപ്പണമായി. ലോക സമാധാനവാദത്തിലൂടെ, സഹവർത്തിത്വസിദ്ധാന്തത്തിലൂടെ, കോലം മാറിവന്ന കമ്യൂണിസത്തെപ്പറ്റി ഇപ്പോൾ വിവരംകെട്ടവരല്ലാതെ സംസാരിക്കുകയില്ല. കമ്യൂണിസത്തിന്റെയും യൂറോപ്യൻഫാസിസത്തിന്റെയും കബന്ധത്തെയാണ് മൗദൂദി സാഹിബ് പുണർന്നത്. അതിന് ഇസ്‌ലാം എന്നും ജിഹാദ് എന്നും പേരും നല്കി.

ഇത്തരം പ്രസ്താവനകളുമായി വാളിന്റെ ജിഹാദ് മുഴക്കിയ മൗലാനാ മൗദൂദിയുടെ പാഠങ്ങൾ ഇന്ത്യയിലെ, കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിക്ക് വിനയായി മാറിയിരിക്കുന്നു. അതിനാൽ അവർ ഇതെല്ലാം തള്ളിപ്പറയാൻ നിർബന്ധിതമായ നിലയിൽ പുതിയ മതേതര-തീവ്രവാദവിരുദ്ധമുഖംമൂടികൾ ധരിച്ചുകൊണ്ട് ജനാധിപത്യവാദികൾക്കിടയിലും പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ, അവരെ തിരിച്ചറിയാൻ തക്ക ബുദ്ധിവിവേകം ഇവിടെ ജനസാമാന്യത്തിനും വിശിഷ്യാ, മുസ്‌ലിം യുവശക്തിക്കും ഉണ്ടെന്നാണ് മുസ്‌ലിം യൂത്ത് ലീഗ് നേതാവായ ഡോ. എം. കെ. മുനീർ എം.എൽ.എയുടെ ധീരമായ പ്രസ്താവനകൾ വ്യക്തമാക്കിയിട്ടുള്ളത്. ('തീവ്രവാദത്തിനെതിരെ യുവശക്തി' എന്ന ലഘുലേഖ നോക്കുക). ജമാഅത്തെ ഇസ്‌ലാമിയുടെ ജിഹാദ് "മൗദൂദി സാഹിബിന്റെ ജിഹാദ്" ആണെന്നും അതിന് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അതു ദുർവ്യാഖ്യാനവും കെട്ടുകഥയുമാണെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. കേരളത്തിലെ ഉൽബുദ്ധരായ സകല ആലിമീങ്ങളുടെയും പേരിലാണ് അദ്ദേഹം ഇതെഴുതിയിരിക്കുന്നത്.



അതെ, ഇസ്‌ലാം വാളാൽ പരന്ന മതമാണെന്നും വിവരവും വിവേകവുമുള്ള ഒരൊറ്റ ആലിമും ഇന്നു പറയില്ല. ഇസ്‌ലാം പ്രചരിച്ചത് നമ്മുടെ നബിനായകർ(സ) തിരുമേനിയുടെ അതുല്യമായ ധാർമികബലംകൊണ്ടു തന്നെയായിരുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ജിഹാദിനെ റദ്ദാക്കിയെന്നും ബ്രിട്ടീഷ്ഭരണത്തെ ഉറപ്പിക്കാനാണിത് ചെയ്തതെന്നും മൗദൂദികളും മുസ്‌ലിം ജനസമാന്യവും ഹമീദ് ചേന്ദമംഗലൂരിനെ പോലുള്ള മാർക്സിസ്റ്റുകളും ഘോഷിക്കുന്നുണ്ടല്ലോ. ആ മഹാത്മാവ് ഏത് ജിഹാദിനെയാണ് റദ്ദാക്കിയതെന്നും യഥാർത്ഥ ജിഹാദ് എന്താണെന്നും അദ്ദേഹത്തിന്റെ തന്നെ 'ജിഹാദ്' എന്ന ഈ കൊച്ചു കൃതി വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഡോ. എം.കെ മുനീർ ജിഹാദിനെ റദ്ദാക്കിയെന്നു ഇവർ പറയുമോ? 1900ൽ അതിർത്തിപ്രദേശത്ത് നിരപരാധികളായ ധാരാളം യൂറോപ്യൻമാർ വധിക്കപ്പെട്ട സാഹചര്യത്തിലാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ' ജിഹാദ്' എന്ന കൃതി രചിച്ചത് എന്നു ഓർക്കേണ്ടതാണ്.

വാൾകൊണ്ട് മനുഷ്യഹൃദയങ്ങളെ കീഴ്പ്പെടുത്താനാകുമോ? നൂറ്റാണ്ടുകളോളം ഹൃദയങ്ങളെ ഭരിക്കാനാകുമോ? ഇസ്‌ലാം വാളാൽ പരന്ന മതമാണെന്ന് ഘോഷിക്കുന്നവർതന്നെ, തിരുനബിയെ " വാളിന്റെ പ്രവാചകൻ" എന്നു വിളിച്ചവർതന്നെ, അതു സാധ്യമല്ലെന്നു തുറന്നു പറയുന്നു. ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നു വരാൻ ആരേയും നിർബന്ധിക്കാറില്ലെന്ന് പറഞ്ഞുകൊണ്ട്, ബലാൽക്കാരത്തിലൂടെ മതത്തെ വിജയിപ്പിക്കാനാവില്ലെന്ന് ലോകപ്രസിദ്ധമായ 'മീസാനുൽ ഹഖ്ഖ്'ന്റെ കർത്താവായ ഫാദർ ഫേണ്ടർ (Rev . C. S. Phander) പോലും ഏറ്റുപറയുന്നു. അദ്ദേഹം സിദ്ധാന്തിക്കുകയാണ്: "ബലാൽക്കാരത്താലും ക്രൂരതയാലും ഒരാളുടെ വിശ്വാസം മാറ്റുവാൻ സാധ്യമല്ല. ഇങ്ങനെയുള്ള മാർഗ്ഗങ്ങൾ അവ

ലംബിച്ചു മതപരിവർത്തനം സാധിക്കുന്നുവെങ്കിൽ അത് ദൈവത്തിൽനിന്നുള്ളതല്ല എന്നു വ്യക്തമാണ്". (മീസാനുൽ ഹഖ്ഖ്-സത്യത്തിന്റെ തുലാസ് – പാതിരിഫേണ്ടർ, മർക്കസൂൽ ബിശാറ, മഞ്ചേരി, ഭാ.239)

ഇസ്‌ലാമിന്റെ പ്രചാരണത്തെക്കുറിച്ച് ആധികാരികമായും ശാസ്ത്രീയമായും സത്യസന്ധമായും സർ സയ്യിദ് അഹ്മദ് ഖാൻ, മൗലാനാ ശിബിലി തുടങ്ങിയ അനിഷേധ്യ ചരിത്രപണ്ഡിതന്മാരുടെ സഹായസഹകരണങ്ങളോടെ ലണ്ടൻ യൂണിവേഴ്സിറ്റിയിലെ അറബിക് പ്രൊഫസർ സർ. തോമസ് ആർണോൾഡ് (T.W. Arnold MA,CIE) വിരചിച്ച വിശ്വവിഖ്യാതമായ 'പ്രീച്ചിങ്ങ് ഓഫ് ഇസ്‌ലാം' (Preaching of Islam) എന്ന ചരിത്രഗവേഷണ ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

"In view of the toleration thus extended to their Christian subjects in the early period of the Muslim Rule, the common hypothesis of the sword as the factor of conversion seems hardly satisfactory and we are compelled to seek for other motives than that of persecution" (p- 67)

"ആദ്യകാല മുസ്‌ലിംഭരണത്തിൻക്കീഴിലുണ്ടായിരുന്ന ക്രിസ്തീയ പ്രജകളുടെ നേരെ കാണിച്ചു പോന്നിട്ടുള്ള സഹിഷ്ണുത വച്ചുനോക്കുമ്പോൾ, മതപരിവർത്തനങ്ങൾക്കുള്ള കാരണമായി പൊതുവെ ഉയർത്തിക്കാണിച്ചിട്ടുള്ള വാൾപ്രയോഗസങ്കല്പം തീരെ തൃപ്തികരമായി തോന്നുന്നില്ല. മർദ്ദനങ്ങളുടേതല്ലാത്ത മറ്റെന്തെങ്കിലും പ്രചോദന കാരണങ്ങളെ കണ്ടെത്താൻ നാം നിർബന്ധിതരായിരിക്കുന്നു" .

അഹ്മദിയ്യാപ്രസ്ഥാന സ്ഥാപകരും വാഗ്ദത്ത മസീഹും മഹ്ദിഇമാമുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ലോകത്തിനു മുമ്പിൽ ഉയർത്തിക്കാട്ടിയ



ജിഹാദിനെക്കുറിച്ചുള്ള യഥാർത്ഥവും സത്യസന്ധവുമായ പാഠങ്ങളെ മുജാഹിദുകൾ എന്ന സലഫികൾ എന്ന നദ്‌വികൾ അടക്കം മുസ്‌ലിം ലോകത്തിന് ഇന്ന് അംഗീകരിക്കേണ്ടി വന്നിരിക്കുന്നു!.

ആ ദിവ്യാത്മാവ് പ്രവചിച്ചു: "അല്ലയോ ലോകരേ, ഭൂമിയേയും ആകാശത്തേയും സൃഷ്ടിച്ച ദൈവത്തിന്റെ പ്രവചനമത്രെ ഇത്: അവൻ തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും പരത്തും. ദൃഷ്ടാന്തങ്ങളാലും ന്യായവാദങ്ങളാലും എല്ലാവരുടേയുംമേൽ അവർക്ക് വിജയം നല്കും. ആ നാളുകൾ ഇതാ വരുന്നു. അല്ലാ, അതു വളരെ അടുത്തെത്തിയിരിക്കുന്നു. ബഹുമാനപൂർവ്വം സ്മരിക്കപ്പെടുന്ന ഒരേ ഒരു മതപ്രസ്ഥാനം ഇതുമാത്രമായിരിക്കും. അല്ലാഹു ഈ പ്രസ്ഥാനത്തിന് അത്യുന്നതമായ സ്ഥാനവും അനുഗ്രഹങ്ങളും നല്കും. ഇതിനെ നശിപ്പിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുന്ന ഓരോരുത്തനേയും പരാജിതനും നിരാശനുമാക്കും" . (തദ്കിറത്തുശ്ശഹാദത്തയ്ൻ, ഭാ. 24,25)

1.9.97

കണ്ണൂർ – എൻ. അബ്ദുർറഹീം.

# WHAT MUNIR COMMISSION SAYS

We have pointed out that one of the doctrines on which the Musalmans and Ahmadis are at variance is that of Jihad (P.221).

We are wholly incompetent to pronounce as the merits of this controversy but what has to be pointed out is the result of which the doctrine of Jihad will lead if, as appears from the article in the Short Encyclopedia of Islam and other writings produced before us including one by Moulana Abul A'la Moudoodi and another by Moulana Shabbir Ahmed Usmani, it involves the spread of Islam by arms and conquest.

'Aggression' and 'genocide' are now offences against humanity for which under sentences pronounced by the different international tribunals at Nuremberg and Tokyo, the warlords of Germany and Japan had to forfeit their lives and there is hardly and difference between the offences of aggression and genocide on the one hand and the doctrine of spread of Islam by arms and conquest on the other. An International convention on genocide is about to be concluded but if the view of Jihad presented to us is correct, Pakistan cannot be a party to it. (P.224)

- Munir Commission (Pakistan)

Report of the court of Enquiry into

Punjab Disturbances of 1953



بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

# ജിഹാദ്

ജിഹാദിന്റെ ദാർശനികവശങ്ങളും അതിന്റെ യാഥാർത്ഥ്യവും സങ്കീർണ്ണമായ ഒരു പ്രശ്നവും ലോലമായ ഒരു കേന്ദ്രബിന്ദുവും ആണ്. അതിനെക്കുറിച്ചുള്ള അജ്ഞതമൂലം ഇക്കാലത്തും അപ്പോലെതന്നെ മധ്യകാലത്തുമുള്ള ആളുകൾക്ക് വലിയ വലിയ അബദ്ധങ്ങൾ പിണയുകയുണ്ടായി. ഈ ഭയാനകങ്ങളായ പിഴവുകൾ കാരണം പ്രകൃതിനിയമങ്ങളുടെ ദർപ്പണവും ജീവനുള്ള ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്ന മതവുമായ ഇസ്‌ലാമിനെ പോലുള്ള പരിപാവനവും പരിശുദ്ധവുമായ ഒരു പ്രസ്ഥാനം ആക്ഷേപങ്ങൾക്ക് കുറിയായിരിക്കുന്നു എന്നത് അങ്ങേയറ്റത്തെ ലജ്ജയോടുകൂടിത്തന്നെ നമുക്ക് സമ്മതിച്ചു പറയാതെ തരമില്ല.

ജിഹാദ് എന്ന വാക്ക് جُهد (ജുഹദ്) എന്ന പദത്തിൽനിന്ന് നിഷ്പന്നമാണ്. അതിന്റെ അർത്ഥം പരിശ്രമിക്കുക എന്നത്രെ. പിന്നെ സദൃശപരമായി മതയുദ്ധങ്ങൾക്കും പറയപ്പെടുന്നു. പരസ്പരമുള്ള ഏറ്റുമുട്ടലുകൾക്ക് ഹിന്ദുക്കൾ പറഞ്ഞുവരുന്ന യുദ്ധം എന്ന വാക്ക് യഥാർത്ഥത്തിൽ 'ജിഹാദ്' എന്ന പദത്തിന്റെ വികൽപമാകുന്നു എന്നാണ് മനസ്സിലാകുന്നത്. അറബി ഭാഷ എല്ലാ ഭാഷകളുടെയും മാതാവാണല്ലോ. എല്ലാ ഭാഷകളും അറബിഭാഷയിൽ നിന്നാണ് ഉടലെടുത്തിട്ടുള്ളത്. ഏറ്റുമുട്ടലിന് സംസ്കൃതത്തിൽ പറഞ്ഞുവരുന്ന യുദ്ധം എന്ന വാക്ക് യഥാർത്ഥത്തിൽ 'ജഹദ്' അഥവാ ജിഹാദ് തന്നെയാകുന്നു. പിന്നീട് ج 'ജീം' ي 'യാ' ആയി മാറ്റപ്പെടുകയും

അത് ചെറിയ മാറ്റത്തോടെ ഇരട്ടിച്ചു ഉച്ചരിക്കപ്പെടുകയും ചെയ്തു.

ഇസ്‌ലാമിനു ജിഹാദിന്റെ ആവശ്യമുണ്ടായതെന്ത്? എന്ന ചോദ്യത്തിനു നാമിനി മറുപടി നല്കാം: എന്താണ് ജിഹാദ്? ഇസ്‌ലാം ജന്മമെടുത്തതോടുകൂടി അതിന് വലിയ വിഷമങ്ങളെ നേരിടേണ്ടിവന്നിരുന്നു. സകല ജനതകളും അതിന്റെ ശത്രുക്കളായിത്തീർന്നിരുന്നു. ഒരു നബിയോ റസൂലോ ദൈവത്താൽ നിയുക്തനാകയും അദ്ദേഹത്തിന്റെ കക്ഷി ബുദ്ധികുശലരുടെയും കരുത്തുറ്റവരുടെയും പുരോഗതിപ്പെടുന്നവരുടെയും ഒരു വിഭാഗമായി ലോകർക്ക് കാണപ്പെടുമാറാകയും ചെയ്യുമ്പോൾ അത് സംബന്ധിച്ച് നിലവിലുള്ള മറ്റുജനതകളിലും കക്ഷികളിലും ഒരുതരം പകയും അസൂയയും ഉടലെടുക്കുന്നത് സ്വാഭാവികമാണ്. പ്രത്യേകിച്ച് ഓരോ മതത്തിലെയും പണ്ഡിതജനവും ഉന്നതസ്ഥാനീയരും കൂടുതലായ പക വെളിപ്പെടുത്തുന്നു. കാരണമെന്തെന്നാൽ, ഒരു ദിവ്യപുരുഷന്റെ ആവിർഭാവം മൂലം അവരുടെ വരുമാനങ്ങളിലും അവരോടുള്ള ബഹുമാനാദരങ്ങളിലും ഗണ്യമായ കുറവു വന്നു ചേരുന്നു. അവരുടെ ശിഷ്യന്മാരും അനുയായികളുമെല്ലാം അവരെ വിലമതിക്കാതാകുന്നു. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള ആളാരോ അദ്ദേഹത്തിൽ വിശ്വാസപരവും ധാർമികവും വൈജ്ഞാനികവും ആയ സകല ശ്രേഷ്ഠതകളും വിലസുന്നതായി അവർ കാണുന്നു. അതുകാരണം, ഈ പണ്ഡിതൻമാർക്ക് അറിവിന്റെയും ഭയഭക്തിയുടെയും ദോഷ മുക്തിയുടെയും മറ്റു പരിഗണനയിൽ ലഭിച്ചുപോന്നിരുന്ന ബഹുമാനാദരങ്ങൾക്ക് അവർ യഥാർത്ഥത്തിൽ അർഹരല്ലെന്ന് ബുദ്ധിമാന്മാരും ചിന്താശീലരും മനസ്സിലാക്കിത്തുടങ്ങുന്നു. 'നജ്മുൽ ഉമ്മത്ത്' 'ശംസുൽ ഉമ്മത്ത്' , 'മശായിഖ്' എന്നിങ്ങനെ അവർക്ക് നല്കപ്പെട്ടിരുന്ന ബഹുമാനാഭിധാനങ്ങൾ മേലിൽ അവർക്ക് ചേരുന്നതല്ലെന്നും അവർ അറിയുമാറുകുന്നു. ഈ കാരണങ്ങളാൽത്തന്നെ ബുദ്ധിമാന്മാർ അവരിൽനിന്ന് മുഖംതിരിക്കുന്നു. അവർ തങ്ങളുടെ സത്യവിശ്വാസത്തെ നഷ്ടപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഈ നഷ്ടങ്ങൾ കാരണം പണ്ഡിതന്മാരുടെയും മശായിഖുമാരുടെയും വിഭാഗം എപ്പോഴും നബിമാരുടെയും റസൂൽമാരുടെയും നേരെ അസൂയ പുലർത്തിപ്പോന്നു. അല്ലാഹുവിന്റെ നബിമാരുടെയും റസൂൽമാരുടെയും നിയുക്ത പുരുഷന്മാരുടെയും കാലങ്ങളിൽ, ഈ കൂട്ടരുടെ മുഖാവരണങ്ങൾ വലിച്ചു നീക്കപ്പെടുന്നു. അവർ യഥാർത്ഥത്തിൽ പല കുറവുകളുമുള്ളവരത്രെ. അവർക്ക് ദിവ്യപ്രകാശത്തിൽ വലിയ പങ്കൊന്നുമില്ല. ദൈവത്തിന്റെ നബിമാരോടും സാത്വികരോടുമുള്ള അവരുടെ ശത്രുത സ്വാർത്ഥജടിലം മാത്രമായിരിക്കുന്നതാണ്. സ്വാർത്ഥത്തിന്നടിപ്പെട്ടു അവർ ദ്രോഹപ്രവർത്തനങ്ങൾക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ദൈവത്തിന്റെ ഒരു പാവനപുരുഷനു അന്യായമായ തരത്തിൽ ക്ലേശങ്ങൾ ഉണ്ടാക്കിക്കൊണ്ട് തങ്ങൾ ദൈവത്തിന്റെ ക്രോധത്തിന്നിരയായിരിക്കയാണെന്ന് ചിലപ്പോൾ അവർക്കുതന്നെ തോന്നിത്തുടങ്ങും. തങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ സ്വന്തം മനസ്സിന്റെ കുറ്റനില അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുമെങ്കിലും പിന്നെയും അസൂയയുടെയും ശത്രുതയുടെയും അഗ്നിജ്വാലകൾ ആപൽഗർത്തത്തിലേയ്ക്ക് അവരെ വലിച്ചിഴക്കുന്നു. ഈ കാരണങ്ങൾതന്നെയാണ് തിരുനബിയുടെ കാലത്ത് മക്കത്തെ മുശ്‌രിക്കീങ്ങളുടെയും യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും ആലിമീങ്ങളെ–മതപണ്ഡിതന്മാരെ സത്യം സ്വീകരിക്കുന്നതിൽനിന്ന് അകറ്റിക്കളഞ്ഞതെന്നു മാത്രമല്ല കടുത്ത ശത്രുക്കളായി മാറ്റുകയും ചെയ്തത്. എങ്ങനെയെങ്കിലും ഈ ലോകത്ത്നിന്ന് ആ പ്രസ്ഥാനത്തെ മായിച്ചുകളയണമെന്ന ചിന്തയിൽ അവർ മുഴുകുമാറായി. മുസ്‌ലിംകൾ ഇസ്‌ലാമിന്റെ ആരംഭകാലത്ത് വളരെ കുറഞ്ഞവരായിരുന്നതിനാൽ ശത്രുക്കൾ സ്വാഭാവികമായും ഗർവ്വുള്ളവരായിരു

ന്നു. ധനത്തിലും സമ്പത്തിലും ആൾബലത്തിലും അന്തസ്സിലും പദവിയിലും തങ്ങൾ ഉയർന്നവരാണെന്ന വിചാരം ശത്രുക്കളുടെ ബുദ്ധിയിലും മനസ്സിലും ഉടലെടുത്തിരുന്നു. അങ്ങനെ അവർ അക്കാലത്തെ മുസ്‌ലിംകളോട് അതായത് സ്വഹാബാക്കളോട് കടുത്ത ശത്രുതയോടെ പ്രവർത്തിച്ചു തുടങ്ങി. ഈ സ്വർഗ്ഗീയചെടി ഭൂമിയിൽ വേരുപിടിക്കുന്നത് അവർക്ക് ഹിതകരമായിരുന്നില്ല. എന്നുമാത്രമല്ല, അവർ ഈ സാത്ത്വികരെ നശിപ്പിക്കുന്നതിനുവേണ്ടി അങ്ങേയറ്റത്തെ ഊർജ്ജം വിനിയോഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. അക്കാര്യത്തിൽ അവർ ചെയ്യാത്തതൊന്നും ഉണ്ടായിരുന്നില്ല. ഈ മതത്തിന് കാലുറക്കാൻ കഴിഞ്ഞാൽ അത് വളരുന്നതോടെ തങ്ങളുടെ മതവും ജനവും നശിച്ചൊടുങ്ങിപ്പോകുമെന്നതായിരുന്നു അവരുടെ ആശങ്ക. ഇതേ ഭയം അവരുടെ ഹൃദയത്തിൽ ഭീകരരൂപത്തിൽ നിലകൊള്ളുകയായിരുന്നു. വളരെ അക്രമപരവും ദ്രോഹപരവുമായ പ്രവർത്തനങ്ങൾ അവരിൽനിന്ന് പുറപ്പെട്ടുവരികയും അവർ വളരെ വേദനാജനകമായ മാർഗ്ഗങ്ങളിൽ അധിക മുസ്‌ലിംകളെയും കൊന്നൊടുക്കുകയും ചെയ്തു. ഒരു നീണ്ടകാലംവരെ എന്നുവച്ചാൽ 13 കൊല്ലക്കാലം ഇതേതരത്തിൽ അവരോട് ശത്രുതയിൽ പെരുമാറുകയും, നിഷ്ഠൂരമായതരത്തിൽ ദൈവത്തിന്റെ ഭക്തദാസരും മനുഷ്യവർഗത്തിന്റെ അഭിമാനമായ സൽപുരുഷന്മാരും അവരുടെ വാളിനാൽ അരിഞ്ഞിടപ്പെടുകയും ചെയ്തു. അനാഥരായ കുട്ടികളും ദുർബ്ബലരും നിർദ്ധനരുമായ സ്ത്രീകളും തെരുവുകളിലും വീട്ടുമുറ്റങ്ങളിലും അറുത്തിടപ്പെട്ടു.

ഈ ഘട്ടത്തിലും ദൈവം അവരോട് ഖണ്ഡിതമായി നിർദ്ദേശിച്ചിരുന്നത് ഈ ദ്രോഹങ്ങളെ എതിരിടേണ്ട എന്നായിരുന്നു. അങ്ങനെ, ആ വരിഷ്ഠജനം അപ്രകാരംതന്നെ ദ്രോഹങ്ങളെ എതിരിടാതെ കഴിഞ്ഞു. അവരുടെ പുരമുറ്റങ്ങളിൽ രക്തം തളം കെട്ടി. തെരുവുകൾ രക്താഭമായി മാറി. എന്നിട്ടും ആ സജ്ജനം പ്രതികാരത്തിനൊരുങ്ങിയില്ല. അവർ ബലിമൃഗങ്ങളെപ്പോലെ അറുത്തിടപ്പെട്ടിരുന്നു. അവർ 'അയ്യോ' എന്നു നിലവിളിച്ചില്ല. ദൈവത്തിന്റെ പരിശുദ്ധനും പാവനാത്മാവുമായ തിരുദൂതരേ – ആകാശഭൂമികളിൽനിന്നുള്ള അളവറ്റ സലാം ആ മഹാത്മാവിനുമേൽ ചൊരിയപ്പെടട്ടെ – അവർ കല്ലെറിഞ്ഞു ചോരയിൽ കുളിപ്പിച്ചു. എന്നാലും സത്യത്തിന്റെയും സ്ഥൈര്യത്തിന്റെയും ആ പർവ്വതം ഈ ദ്രോഹങ്ങളത്രയും ഹൃദയവിശാലതയോടും സ്നേഹത്തോടുംകൂടി സഹിച്ചുപോരുകയും ആ സഹനപൂർണ്ണവും വിനയാന്വിതവുമായ പെരുമാറ്റങ്ങളും സമീപനങ്ങളും കാരണം ശത്രുക്കളുടെ കുതൂഹലങ്ങളും ദുരാവേശവും ദിനംപ്രതി വർദ്ധിച്ചുവരികയുമാണുണ്ടായത്. ആ വൈരികൾ ഈ വിശുദ്ധസംഘത്തെ തങ്ങളുടെ ഒരു വേട്ടയായി കരുതിയിരുന്നു.



ഈ ഭൂമിയിൽ ദ്രോഹവും നിഷ്ഠൂരതയും പരിധി വിട്ടുപോകരുതെന്ന് ഇച്ഛിക്കുന്ന ദൈവം, ദ്രോഹിതരായ തന്റെ ദാസന്മാരെ ആ അവസരത്തിൽ ഉണർത്തുകയും അങ്ങനെ അവന്റെ ക്രോധം ഈ ദ്രോഹബുദ്ധികളിൽ വന്നു പതിക്കുകയും ചെയ്തു. ദൈവം അവന്റെ പരിശുദ്ധഗ്രന്ഥമായ വിശുദ്ധ ഖുർആനിലൂടെ തന്റെ ദ്രോഹിതരായ ദാസന്മാരെ അറിയിച്ചു, അവരോട് അനുവർത്തിക്കപ്പെടുന്ന അനീതികളേയും അക്രമങ്ങളേയും എല്ലാം താൻ കണ്ടുകൊണ്ടിരിക്കുകയാണെന്നും ശത്രുക്കളെ എതിരിട്ടുകൊള്ളാൻ താൻ അനുവാദം നല്കിയിരിക്കുന്നു എന്നും, താൻ സർവ്വശക്തനായ അല്ലാഹു ആണെന്നും അക്രമികളേയും ദ്രോഹികളേയും ശിക്ഷിക്കാതെ വിടുന്നതല്ല എന്നും അവൻ അറിയിച്ചു. ഈ കല്പനയാണ് ജിഹാദ് എന്ന പേരിൽ അറിയപ്പെട്ടത്. ഈ കല്പനയുടെ മൂലവാചകം വിശുദ്ധ ഖുർആനിൽ ഇപ്പോഴും സുരക്ഷിതമായി നിലകൊള്ളുന്നുണ്ട്. അതിതാണ്:

أُذِنَ لِلَّذِينَ يُقَاتَلُونَ بِأَنَّهُمْ ظُلِمُوا ۚ وَإِنَّ اللَّهَ عَلَىٰ
نَصْرِهِمْ لَقَدِيرٌ الَّذِينَ أُخْرِجُوا مِن دِيَارِهِم بِغَيْرِ حَقٍّ

“കൊലപ്പെടുത്തപ്പെടുകയും അന്യായമായി സ്വന്തം നാട്ടിൽനിന്ന് അടിച്ചോടിക്കപ്പെടുകയും ചെയ്യപ്പെട്ട ഈ ദ്രോഹിതജനത്തിന്റെ പരിദേവനങ്ങൾ ദൈവം കേൾക്കുകയും ശത്രുക്കളെ എതിരിട്ടുകൊള്ളാൻ അനുവാദം നല്കുകയും ചെയ്യുന്നു. ദൈവം സർവ്വശക്തനാണ്. അവൻ ദ്രോഹിതരെ സഹായിക്കുന്നു.” (22:40,41)

എന്നാൽ, ഈ കല്പന നിശ്ചിതമായ ഒരു കാലഘട്ടത്തിലേക്ക് മാത്രമുള്ളതായിരുന്നു. നിരന്തരമായി ഏത് സാഹചര്യത്തിലും പ്രാവർത്തികമാക്കാനുള്ളതല്ല. ഇസ്‌ലാമിൽ പ്രവേശിക്കുന്നവർ ആടുമാടുകളെപ്പോലെ അറുത്തിടപ്പെട്ടുകൊണ്ടിരുന്ന ആ കാലത്തേയ്ക്കുള്ളതായിരുന്നു. എന്നാൽ, ഖേദകരമെന്നു പറയട്ടെ, നുബുവ്വത്തിന്റേയും സത്യഖിലാഫത്തിന്റേയും കാലഘട്ടത്തിന് ശേഷം ‘ജിഹാദ്’ എന്ന വിഷയം മനസ്സിലാക്കുന്നതിൽ, അതിന്റെ മൂലവേര് ആയിട്ടുള്ള ഉപര്യുദ്ധൃതമായ വിശുദ്ധവചനം മനസ്സിലാക്കുന്നതിൽ വലുതായ പിഴവുകൾ വരുത്തപ്പെട്ടു. അന്യായമായതരത്തിൽ ദൈവത്തിന്റെ സൃഷ്ടികളെ വാളുകൊണ്ട് അറുത്തിടുന്നത് മതബോധത്തിന്റെ ലക്ഷണമാണെന്ന് കരുതപ്പെട്ടു. ഇവിടെ ആശ്ചര്യാവഹമായ ഒരു സാദൃശ്യം കാണപ്പെടുന്നു. ക്രിസ്ത്യാനികൾ സ്രഷ്ടാവിന്റെ അവകാശങ്ങളുടെ കാര്യത്തിലാണ് പിഴവുവരുത്തിയതെങ്കിൽ മുസ്‌ലിംകൾ സൃഷ്ടികളുടെ അവകാശങ്ങളുടെ കാര്യത്തിൽ പിഴവ് വരുത്തി. ക്രിസ്ത്യാനികൾ ഒരു ദുർബ്ബലനായ മനുഷ്യനെ ദൈവമാക്കിക്കൊണ്ട് സർവ്വശക്തനും ജീവിച്ചിരിക്കുന്നവനുമായ ആ ദൈവത്തിന്റെ അവകാശങ്ങളെ ലംഘിച്ചു. അതിന് തുല്യമായ ഒരു തെറ്റുകുറ്റം ഭൂമിയിലോ ആകാശത്തിലോ ഉണ്ടായിട്ടില്ല. മുസ്‌ലിംകളാണെങ്കിൽ മനുഷ്യരുടെമേൽ അന്യായമായ തരത്തിൽ വാൾ ചുഴറ്റിക്കൊണ്ട് മനുഷ്യവംശത്തിന്റെ അവകാശങ്ങളെ കവർന്നു. ഇതിന് ജിഹാദ് എന്നു പേരുവെക്കുകയും ചെയ്തു. ഈ കാലഘട്ടത്തിന്റെ ദൗർഭാഗ്യം എന്നേ പറയേണ്ടു, രണ്ടു വിഭാഗങ്ങളും രണ്ടു തരത്തിലുള്ള അവകാശലംഘനങ്ങളെ തങ്ങൾക്ക് ഇഷ്ടകരമായ മാർഗ്ഗമായി സ്വീകരിച്ചുകൊണ്ട് തങ്ങളുടെ വിശ്വാസപ്രമാണമനുസരിച്ച് ഈ രണ്ടിലേതെങ്കിലും ഒരു അവകാശലംഘനത്തിന്മേൽ ഊന്നൽ നല്കുന്നു. ഇതിലൂടെ നേരെ കുത്തനെ സ്വർഗ്ഗത്തിലെത്താമെന്നാണ് അവർ വിശ്വസിച്ചിരിക്കുന്നത്. ഇതല്ലാതെ സ്വർഗ്ഗത്തിലേക്ക് മറ്റൊരു വഴിയില്ല. ദൈവത്തിന്റെ അവകാശങ്ങളെ ലംഘിക്കുന്നത് എല്ലാ പാപങ്ങളേക്കാളും വലിയ പാപമാണെങ്കിലും ഈ ഏറ്റവും ആപൽക്കരമായ അവകാശലംഘനത്തെക്കുറിച്ചിപ്പോൾ വിവരിക്കാൻ എനിക്ക് ഉദ്ദേശ്യമില്ല. ക്രിസ്ത്യാനികളാണ് ഈ അവകാശലംഘനം നടത്തുന്നത്. ഞാനിവിടെ മുസ്‌ലിംകൾ മനുഷ്യവംശത്തിന്റെ മേൽ നടത്തുന്ന അവകാശലംഘനത്തെക്കുറിച്ച് അവരെ താക്കീത് ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ജിഹാദിനെക്കുറിച്ച്, മൗലവിമാർ എന്നു പറയപ്പെടുന്ന ഇക്കാലത്തെ ഉലമാക്കൾ മനസ്സിലാക്കിവച്ചിട്ടുള്ളതെന്തോ അതും ബഹുജനത്തിന്റെ മുന്നിൽ അവർ ഈ വിഷയകമായി അവതരിപ്പിക്കുന്ന വിവരണങ്ങളും ശരിയായിട്ടുള്ളതല്ല. തങ്ങളുടെ ആവേശോജ്ജ്വലങ്ങളായ ‘വഅദ്വ്’കളിലൂടെ ഉലമാക്കൾ നടത്തുന്നത് ബഹുജനങ്ങളുടെ പ്രാകൃതസ്വഭാവങ്ങളെ മൃഗീയസ്വഭാവങ്ങളാക്കി മാറ്റുക എന്നതിൽ കവിഞ്ഞ് ഒന്നുമല്ല. കൂടാതെ, മനുഷ്യത്വത്തിന്റെ സകല ശ്രേഷ്ഠതകളിൽനിന്നും അവരെ നഷ്ടക്കാരാക്കിത്തീർക്കുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്.

ഇസ്‌ലാമിന് അതിന്റെ ആരംഭഘട്ടത്തിൽ യുദ്ധങ്ങൾ ചെയ്യേണ്ടിവന്നത് എന്തിനാണെന്നും എന്ത് കാരണങ്ങളാലായിരുന്നുവെന്നും ഉള്ള രഹസ്യം അറിയാത്തവരാണ് അവിവേകികളും സ്വാർത്ഥംഭരികളുമായ ആളുകളാൽ അന്യായമായ കൊലകൾ നടത്തപ്പെട്ടതിന് കാരണക്കാരെന്ന് എനിയ്ക്ക് നല്ലപോലെ അറിയാം. ഇതിന്റെയെല്ലാം പാപഭാരം, അത്തരം സംഗതികൾ ഗൂഢമായി പഠിപ്പിച്ചുപോന്ന മൗലവിമാരുടെ ചുമലിലാണ് ഉള്ളത്. അതിന്റെ ഫലമായിട്ടാണ് ഈ വേദനാപൂർണമായ രക്തച്ചൊരിച്ചിലുകൾ സംഭവിച്ചത്. ഇവർ ഭരണാധികാരികളുടെ മുമ്പിലെത്തുമ്പോൾ അവർക്ക് കുമ്പിടാൻപോലും തയ്യാറായ നിലയിൽ അവരെ അഭിവാദ്യം ചെയ്യാൻ കുനിയുന്നു. എന്നാലവർ തങ്ങളുടെ കൂട്ടുകാരുടെ സദസ്സുകളിലിരിക്കുമ്പോൾ ഈ രാജ്യം 'ദാറുൽ ഹർബ്' (യുദ്ധ ഗൃഹം) ആണെന്നും ഇവർക്കെതിരായി ജിഹാദ് ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണെന്നുമുള്ള കാര്യമാണ് അടിക്കടി ഊന്നിപ്പറയുന്നത്. ഇത്തരത്തിൽ ചിന്തിക്കാത്തവർ വളരെ കുറച്ചേ ഉള്ളൂ. അടിമുടി തെറ്റായിട്ടുള്ളതും വിശുദ്ധഖുർആന്റേയും ഹദീഥുകളുടേയും പാഠങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും അത്രെ ഇത്. ഈ വിശ്വാസത്തെ അംഗീകരിക്കാത്തവരും ഇതിനെതിരായിട്ടുള്ളവരും ആരോ അവരെ ദജ്ജാൽ എന്ന് വിളിക്കുകയും അവർ വധാർഹരാണെന്ന് വിധിക്കുകയും ചെയ്യുന്നു. അങ്ങനെ ഏറെക്കാലമായി ഈയുള്ളവനും ഈ ഫത്‌വയ്ക്ക് കുറിയായിരിക്കുകയാണ്. എന്നെ ഈ രാജ്യത്തിലെ ചില മൗലവിമാർ ദജ്ജാലെന്നും കാഫിർ എന്നും പ്രഖ്യാപിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിയമങ്ങളെപ്പോലും ഭയപ്പെടാതെ എന്നെക്കുറിച്ച് ഒരു ഫത്‌വ ഗൂഢമായി തയ്യാറാക്കുകയും ഈ മനുഷ്യൻ വധാർഹനാണ് എന്നും ഇവന്റെ മുതലുകൾ കൊള്ളയടിക്കപ്പെടുകയും ഇവന്റെ പെണ്ണുങ്ങളെ തട്ടിക്കൊണ്ടുപോകയും ചെയ്യുന്നത് വലിയ പുണ്യമുള്ള കാര്യമാണെന്നും മറ്റും ഇതിൽ പ്രഖ്യാപിക്കയും ചെയ്തിരി



ക്കുന്നു. ഇതിന് കാരണമെന്താണ്? ഞാൻ വാഗ്ദത്ത മസീഹ് ആയിരിക്കുന്നതും അവരുടെ ജിഹാദ് തത്ത്വത്തിനെതിരായി ഉദ്ബോധനങ്ങൾ നല്കുന്നതും അവരുടെ രക്തദാഹി മഹ്ദിയുടെയും രക്തദാഹി മസീഹിന്റെയും ആവിർഭാവം - അവർ വെളിപ്പെട്ടാൽ തങ്ങൾക്ക് കൊള്ളയും കൊലയും യഥേഷ്ടം നടത്താമെന്ന വലിയ വ്യാമോഹങ്ങൾ ഇക്കൂട്ടർ പുലർത്തിപ്പോന്നിരുന്നു- അയഥാർത്ഥമാണെന്ന് ഘോഷിക്കുന്നതും തന്നെ. ഇതുകാരണം അവരുടെ ക്രോധത്തിനും ശത്രുതയ്ക്കും ഞാൻ ഇരയായിരിക്കുന്നു. എന്നാൽ, അവർ കരുതുന്ന പ്രകാരമുള്ള ജിഹാദ് യഥാർത്ഥത്തിൽ ശരിയല്ലെന്ന് അവർ ഓർത്തുകൊള്ളേണ്ടതാണ്. മാനുഷികമായ അനുകമ്പാഭാവങ്ങളാണ് അത് മുഖേന ആദ്യമായി കൊലചെയ്യപ്പെടുന്നത്. പണ്ട് ജിഹാദ് നടത്തി വന്നിരുന്നെങ്കിൽ ഇപ്പോൾ അത് ഹറാമായിരിക്കുന്നത് എങ്ങനെ എന്നവർ ചോദിക്കുന്നു. ഇതിന് നമ്മുടെ പക്കൽ രണ്ട് മറുപടികളാണുള്ളത്. ഒന്ന് 'ഖിയാസ് മഅൽ ഫാരിഖ്' (قياس مع الفارق) (ഭിന്നിപ്പോടുകൂടിയ അനുമാനം) ആണ്. ആദ്യം വാളെടുത്തവർക്കെതിരായിട്ടു മാത്രമല്ലാതെ നമ്മുടെ നബി നായകർ (സ) വാളെടുത്തിട്ടില്ല. വളരെ നിർദ്ദയവും നിഷ്ഠൂരവുമായ രീതിയിലാണ് നിരപരാധികളും നിർദ്ദോഷികളും ആയ പുരുഷന്മാരും സ്ത്രീകളും കുട്ടികളും അവരാൽ നിഗ്രഹിക്കപ്പെട്ടത്. ഇന്നും ആ ദുരന്തകഥകൾ കേൾക്കുമ്പോൾ കരച്ചിൽ വരുന്നു. അത്രയും വേദനാജനകമായ വിധത്തിലാണ് ആ കൊലപാതകങ്ങൾ നടന്നത്. ഇനി ഇസ്‌ലാമിൽ കല്പിച്ചത് ഈ മൗലവിമാർ പറയുന്ന തരത്തിലുള്ള ജിഹാദ് തന്നെയായിരുന്നുവെന്ന് വാദത്തിനു വേണ്ടി സമ്മതിച്ചാൽ തന്നെ, ആ കല്പന ഈ കാലത്ത് നിലനില്ക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, വാഗ്ദത്ത മസീഹ് വെളിപ്പെട്ടാൽ വാളുകൊണ്ടുള്ള ജിഹാദും മതപരമായ യുദ്ധങ്ങളും അവസാനിപ്പിക്കപ്പെടുമെന്നു എഴു

തപ്പെട്ടിരിക്കുന്നു. മസീഹ് വാളെടുക്കുകയില്ല. ഭൂമിയിലുള്ള ഒരു ആയുധവും കയ്യിലെടുക്കുന്നതല്ല. അദ്ദേഹത്തിന്റെ ആയുധം 'ദുആ' അഥവാ പ്രാർത്ഥന മാത്രമായിരിക്കും. അദ്ദേഹത്തിന്റെ കരുത്തുതന്നെ അദ്ദേഹത്തിന്റെ ഖഡ്ഗമായിരിക്കും. അദ്ദേഹം സമാധാനത്തിന്റെ അടിത്തറ പണിയും. ആടിനേയും പുലിയേയും ഒരേ അരുവിയിൽ ഒരുമിച്ചു കൂട്ടും. അദ്ദേഹത്തിന്റെ കാലഘട്ടം ശാന്തിയുടേയും സൗമ്യത്തിന്റേയും മാനുഷികമായ അനുകമ്പയുടേയും കാലമായിരിക്കും. അഹോ കഷ്ടം! എന്തുകൊണ്ടാണാവോ ഈ ജനം ചിന്തിക്കാത്തത്! വാഗ്ദത്ത മസീഹിന്റെ പ്രഭാവത്തെപ്പറ്റി നബി(സ) തിരുമേനിയുടെ തിരുമുഖത്തുനിന്ന് പുറപ്പെട്ട يضع الحرب എന്ന വചനം ആയിരത്തി നാന്നൂറ് കൊല്ലമായി പ്രചരിച്ചുവന്നതാണ്. വാഗ്ദത്ത മസീഹ് ആഗതനായാൽ യുദ്ധങ്ങൾക്ക് അന്ത്യം കുറിക്കും എന്നാണതിന്റെ അർത്ഥം. ഇതിലേയ്ക്ക് തന്നെയാണ് വിശുദ്ധഖുർആനിലെ تضع الحرب اوزارها എന്ന വചനവും (47: 5) വിരൽചൂണ്ടുന്നത്. അതായത്, മസീഹിന്റെ കാലം വന്നെത്തുന്നതുവരെ യുദ്ധം ചെയ്തുകൊള്ളുക. അതുതന്നെയാണ് تضع الحرب اوزارها എന്നതിന്റെ അർത്ഥം. 'സ്വഹീഹ് ബുഖാരി' ഉണ്ടല്ലോ, അതെടുത്തു നോക്കുക, ഖുർആനുശേഷം 'അസ്ഹുൽ കിതാബ്' (اصح الكتاب) ഏറ്റവും ശരിയായ ഗ്രന്ഥം) ആയി അംഗീകരിക്കപ്പെട്ടതാണല്ലോ ആ ഗ്രന്ഥം. അത് ശ്രദ്ധാപൂർവ്വം വായിച്ചുനോക്കുക. അല്ലയോ ഇസ്‌ലാമിന്റെ ആലിമീങ്ങളേ, മൗലവിമാരേ, എന്റെ വാക്കുകൾ നിങ്ങൾ ഒന്നു കേൾക്കുവിൻ ! ഞാനിതാ സത്യമായും സത്യമായും പറയുന്നു: ഇതു ജിഹാദിന്റെ കാലമല്ല. നിങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധ നബിയുടെ അനുസരണംകെട്ട അനുയായികളായിമാറരുത്. വരേണ്ടയിരുന്ന ആ വാഗ്ദത്ത മസീഹ് വന്നുകഴിഞ്ഞിരിക്കുന്നു. അദ്ദേഹം കല്പന നല്കിയിരിക്കയാണ്: വാളുകൊണ്ടും യുദ്ധംകൊണ്ടും



രക്തച്ചൊരിച്ചിൽ കൊണ്ടും നടന്നുവന്ന മതയുദ്ധങ്ങളിൽനിന്ന് പിൻമാറുവിൻ. അതിനാൽ, കൊല്ലുകൊലകളിൽനിന്ന് പിൻമാറാതിരിക്കുകയും അത്തരം കാര്യങ്ങൾക്കാഹ്വാനം ചെയ്തുകൊണ്ടുള്ള ഉപദേശങ്ങൾ നിറുത്താതിരിക്കുകയും ചെയ്യുന്നത് ഇസ്‌ലാമികമായ മാർഗ്ഗമല്ല. എന്നെ സ്വീകരിച്ചവർ ഇത്തരം ഉപദേശങ്ങൾക്ക് വിരാമമിടും. എന്നുമാത്രമല്ല, ഈ മാർഗം വളരെയേറെ ദോഷകരവും ദൈവക്രോധത്തിനു കാരണവും ആണെന്ന് ധരിക്കുകയും ചെയ്യും.

## മൗലവിമാരും പാതിരിമാരും

ഇവിടെ എനിയ്ക്ക് എത്രയും വ്യസനത്തോടുകൂടി ഇതും പറയേണ്ടിവന്നിരിക്കുന്നു. ഒരു ഭാഗത്ത് അജ്ഞരായ മൗലവിമാർ ജിഹാദിന്റെ യാഥാർത്ഥ്യത്തെ മറച്ചുപിടിച്ചുകൊണ്ട് കൊള്ളയുടെയും കൊല്ലുകൊലയുടെയും സൂത്രങ്ങൾ ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കുകയും അതിനു ജിഹാദ് എന്നു പേരുവെക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരംതന്നെ മറ്റൊരുഭാഗത്ത് ക്രിസ്തീയപാതിരിമാരും ഇതേ പ്രവർത്തനത്തിലേർപ്പെട്ടു. ആയിരക്കണക്കിൽ പുസ്തകങ്ങളും ലഘുലേഖകളും നോട്ടീസുകളും ഉർദുവിലും പുശ്തുവിലും മറ്റു ഭാഷകളിലും അവർ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ഇന്ത്യയുടെയും പഞ്ചാബിന്റെയും നാനാഭാഗങ്ങളിലും അതിർത്തി സംസ്ഥാനങ്ങളിലും പ്രചരിപ്പിക്കുകയും ചെയ്തു. ഇസ്‌ലാം വാൾകൊണ്ടാണ് പ്രചരിച്ചതെന്നും വാൾ ചുഴറ്റുന്നതിന്റെ പേരാണ് ഇസ്‌ലാം എന്നും അവർ അതിൽ വിവരിച്ചുകാട്ടി. ഇതിന്റെ ഫലമായി സാമാന്യജനം ജിഹാദിന്റെ രണ്ട് സാക്ഷികളെ കിട്ടിയ നിലയിൽ, അതായത്, മൗലവിമാരുടെയും പാതിരിമാരുടെയും രണ്ട് വ്യത്യസ്ത സാക്ഷിക്കൂട്ടങ്ങളെ ലഭിച്ച നിലയിൽ, തങ്ങളുടെ പ്രാകൃതമായ ദുരാവേശങ്ങളുമായി മുന്നേറി. ഈ ആപൽക്കരമായ കള്ളപ്രചാരണത്തിൽനിന്ന് പാതിരി

മാരെ തടയേണ്ടത് നന്മനിറഞ്ഞ നമ്മുടെ ഗവൺമെന്റിന്റെ ചുമതലയാണെന്നാണ് എന്റെ പക്ഷം. അശാന്തിയും കലാപവും വളരുക എന്നതായിരിക്കും ഇത്തരം പ്രചാരണങ്ങളുടെ ഫലം. ക്രിസ്തീയ പാതിരിമാരുടെ ഈ നിരർത്ഥകമായ കറ്റുകെട്ടുകൾകൊണ്ട് മുസ്‌ലിംകളാരും ഇസ്‌ലാം മതം ഉപേക്ഷിക്കാൻ പോകുന്നില്ലെങ്കിലും ഇതു മുഖേന സാമാന്യജനങ്ങളിൽ ജിഹാദിനെക്കുറിച്ചുള്ള സ്മരണ പുതുക്കിക്കൊണ്ടിരിക്കുകയും ഉറങ്ങിയവർ ഉണർന്നെണീക്കുകയും ചെയ്യും. ഇപ്പോൾ വാഗ്ദത്തമസീഹ് പ്രത്യക്ഷപ്പെട്ടിരിക്കയാൽ ജിഹാദിൽനിന്ന് പിന്തിരിയേണ്ടത് എല്ലാ മുസ്‌ലിംകളുടെയും കടമയായകുന്നു. ഞാൻ വന്നില്ലെങ്കിൽ ഈ തെറ്റുകൾക്ക് ഒരതിരോളം ഒഴികഴിവ് പറയാമായിരുന്നു. ഇപ്പോഴിതാ ഞാൻ വന്നിരിക്കുന്നു. വാഗ്ദത്ത നാളുകൾ നിങ്ങൾ കാണുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് മതപരമായ കാര്യങ്ങൾക്കുവേണ്ടി വാളെടുക്കുന്നവർക്ക് അല്ലാഹുവിന്റെ മുമ്പിൽ ഒരു ഒഴികഴിവും ഇല്ല. കണ്ണുള്ളവർക്കും ഹദീഥുകൾ വായിക്കുകയും ഖുർആൻ പഠിച്ചറിയുകയും ചെയ്യുന്നവർക്കും ഇക്കാലത്ത് നടത്തിവരുന്ന മിക്കവാറും കിരാതപ്രകടനങ്ങൾ മാത്രമായ ജിഹാദ് ഇസ്‌ലാമിക ജിഹാദ് അല്ല എന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകയില്ല. മറിച്ച്, ഇത് മുസ്‌ലിംകളിൽ പരന്നുകഴിഞ്ഞിട്ടുള്ള 'നഫ്സ് അമ്മാറ'യുടെ- ദോഷപ്രവണമായ ആത്മാവിന്റെ ആവേശപ്രകടനങ്ങളോ, സ്വർഗം പൂകാനുള്ള അത്യാർത്തിയാലുള്ള അക്രമപ്രവർത്തനങ്ങളോ ആണ്.

## നബി(സ) ആദ്യം വാളെടുത്തില്ല

നമ്മുടെ നബിനായകർ(സ) തിരുമേനി തന്റെ കാലത്ത് ഒരിക്കലുംതന്നെ വാളെടുക്കുന്ന കാര്യത്തിൽ മുൻകൈ എടുത്തിട്ടില്ലെന്ന കാര്യം ഞാൻ ഇവിടെ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. മറിച്ച്, ആ മഹാത്മാവ് അവിശ്വാസികളിൽനിന്ന് ഏറിയകാലം ദുഃഖം സഹിക്കുകയും ഒരു മനു



ഷ്യന്റെ കഴിവിൽ കവിഞ്ഞ തരത്തിൽ സഹനവും ക്ഷമയും കൈക്കൊള്ളുകയും ആണ് ചെയ്തത്. അപ്രകാരംതന്നെ ആ ധന്യാത്മാവിന്റെ 'സ്വഹാബ'ത്തും (തിരുസഖാക്കൾ) ഈ ഉദാത്തമായ തത്ത്വങ്ങൾതന്നെ പ്രാവർത്തികമാക്കി. കഷ്ടതകൾ സഹിക്കണമെന്നും സഹനം കൈക്കൊള്ളണമെന്നും ആയിരുന്നു അവർക്ക് കിട്ടിയിരുന്ന കല്പന. അവർ അതുപ്രകാരം വിശ്വസ്തതയും സഹനവും കാണിച്ചു. അവർ കാല്ക്കലിട്ട് ചവിട്ടിയുരുട്ടപ്പെട്ടു. എന്നാലവർ ഒരക്ഷരം ഉരിയാടിയില്ല. അവരുടെ പിഞ്ചുകുട്ടികൾ അവരുടെ കണ്മുമ്പിൽവച്ചുതന്നെ കൊത്തിനുറുക്കപ്പെട്ടു. അവർ തീകൊണ്ടും വെള്ളംകൊണ്ടുമുള്ള ശിക്ഷകൾക്കിരയാക്കപ്പെട്ടു. എന്നാലവർ പിഞ്ചു പൈതങ്ങളെപ്പോലെ ദ്രോഹപ്രവർത്തികളെ നേരിടാതെ മാറിനിന്നു. ലോകത്തെ സകല പ്രവാചകന്മാരുടേയും അനുയായിവൃന്ദങ്ങളിൽ ആരെങ്കിലുംതന്നെ, പ്രതിരോധശക്തി ഉണ്ടായിട്ടും ദൈവകല്പനകേട്ട് അതനുവർത്തിക്കാനായി സ്വയം താഴ്മയെ വരിക്കുകയും ശത്രുവിനെ എതിരിടുന്നതിൽനിന്ന് മാറിനില്ക്കുകയും ചെയ്തിട്ടുണ്ടോ? ഇപ്രകാരം ശൂരന്മാരായിരിക്കെ, സംഖ്യാബലവും കരബലവും ഉണ്ടായിരിക്കെ, എതിരിടാനുള്ള പ്രാപ്തി ഉണ്ടായിരിക്കെ, നെഞ്ഞൂക്കും ആണത്തവും ഉണ്ടായിരിക്കെ രക്തദാഹികളായ ശത്രുക്കളുടെ മർദ്ദനങ്ങളും ദണ്ഡനങ്ങളും പതിമൂന്നു കൊല്ലക്കാലം സഹിച്ചുകൊണ്ടിരുന്നിട്ടുള്ള മറ്റൊരു ജനവിഭാഗത്തെ ആർക്കെങ്കിലും കാണിച്ചുതരാനാകുമോ? നമ്മുടെ 'സയ്യിദും' 'മൗലാ'യുമായ തിരുനബിയും ആ മഹാത്മാവിന്റെ സഖാക്കളും ഇപ്രകാരം സഹനം കൈക്കൊണ്ടത് നിർബന്ധിതാവസ്ഥയിലായിരുന്നില്ല. ആ സഹനത്തിന്റെ കാലഘട്ടത്തിലും ജീവാർപ്പണത്തിന് സന്നദ്ധരായിരുന്ന ആ പുണ്യാത്മാവിന്റെ സ്വഹാബാക്കൾ, ജിഹാദിനുള്ള കല്പനയ്ക്ക് ശേഷമുള്ള അതേ കയ്യും മെയ്യും ഉള്ളവർ തന്നെയായിരുന്നു. ചിലപ്പോൾ, ഒരായിരം ജവാന്മാർ ശത്രുക്ക

ളുടെ ഒരു ലക്ഷം പടയാളികളെ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. മക്കയിൽ ശത്രുക്കൾ നടത്തിയ ചോരച്ചൊരിച്ചിലിന്റെ നേരെ സഹനം കൈക്കൊണ്ടിട്ടുണ്ടായിരുന്നത് ഭീരുത്വംകൊണ്ടോ ദൗർബല്യംകൊണ്ടോ ആയിരുന്നില്ല, ദൈവകല്പന കേട്ട് അവർ ആയുധം അടിയറവ് വെച്ചതായിരുന്നുവെന്നും ആടുമാടുകളെപ്പോലെ അറുക്കപ്പെടുന്നതിന് തയ്യാറായതായിരുന്നുവെന്നും ലോകർക്ക് മനസ്സിലാക്കാൻ കഴിയുമാറാകുന്നതിനു വേണ്ടിയായിരുന്നു അത്. അത്തരം സഹനം മനുഷ്യന്റെ കഴിവിന്നപ്പുറത്തുള്ളതാണെന്നതിൽ സംശയമില്ല.

## സഹനത്തിന്റെ അഗ്നിപരീക്ഷ

മുഴുവൻ ലോകത്തേയും മുഴുവൻ നബിമാരുടേയും ചരിത്രം പരിശോധിച്ചുനോക്കിയാലും ഒരു സമുദായത്തിലും ഒരു നബിയുടെ അനുയായിവൃന്ദത്തിലും ഈ ശ്രേഷ്ഠമായ സ്വഭാവഗുണങ്ങൾ കാണാനാവില്ല. പൂർവ്വികരിൽ ആരുടെയെങ്കിലും സഹനത്തിന്റെ കഥ നാം കേൾക്കുകയാണെങ്കിൽത്തന്നെ അത്തരം സഹനം ഭീരുത്വത്തിന്റേയോ പ്രതികാരശേഷിയില്ലായ്മയുടേയോ കാരണത്താലായിരിക്കാൻ സാധ്യതയുണ്ട്. എന്നാൽ, യഥാർത്ഥത്തിൽ സൈനികമായ പക മനസ്സുകളിൽ നിറഞ്ഞുനിന്ന് വീരന്മാരുടേയും കരുത്തന്മാരുടേയും ഒരു വിഭാഗമായിരിക്കുകയും അവരോടു ഈ ക്രൂരകൃത്യങ്ങൾ കാണിക്കപ്പെടുകയും അതായത്, അവരുടെ പിഞ്ചോമനകൾ അരിഞ്ഞിടപ്പെടുകയും കുന്തമുനകൾക്കിരയാക്കപ്പെടുകയും ചെയ്തിട്ടും ആ അക്രമങ്ങളെ നേരിടാതിരുന്നിട്ടുള്ള മറ്റൊരു ജനവിഭാഗത്തെ ചൂണ്ടിക്കാണിക്കാനാവില്ല. നമ്മുടെ നബിനായകർ(സ) തിരുമേനിയും ആ മഹാത്മാവിന്റെ തിരുസ്വഹാബത്തും പൂർണ്ണമായ രൂപത്തിൽ എന്നുവച്ചാൽ നീണ്ട പതിമൂന്നുകൊല്ലക്കാലം വെളിപ്പെടുത്തിക്കൊണ്ടിരുന്ന പൗരുഷത്തിന്റെ പ്രകടനം അതായിരുന്നു. ഇത്തരത്തിലുള്ള തിതിക്ഷ എന്നുവച്ചാൽ, ഓരോ ശ്വാസത്തിലും കഠിനമായ ദുരന്തങ്ങളെ അഭിമുഖീകരിക്കുക എന്ന അനുഭവം നീണ്ട പതിമൂന്നു കൊല്ലക്കാലം തുടർന്നുപോവുക എന്നത് യഥാർത്ഥത്തിൽ അന്യാദൃശ്യം തന്നെയാകുന്നു. ഇക്കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ എനിക്കു പറഞ്ഞുതരിക, കഴിഞ്ഞ കാലങ്ങളിലെ സാത്വികന്മാരുടെ ചരിത്രത്തിൽ ഈ സഹനപരീക്ഷയുടെ ഉദാഹരണം എവിടെയാണുള്ളതെന്ന്.



സ്വഹാബത്തിന്റെ നേരെ ഇപ്രകാരമുള്ള അക്രമങ്ങളെല്ലാം നടത്തപ്പെട്ടപ്പോൾ, നമ്മുടെ നബിനായകർ(സ) അവരെ രക്ഷപ്പെടുത്താനുള്ള തന്ത്രങ്ങൾ മെനയുകയായിരുന്നില്ല. അത്തരം പഴുതുകൾ ആ ധന്യാത്മാവ് ആ ഭക്താനുയായികൾക്ക് വിവരിച്ചുകൊടുത്തിരുന്നില്ല എന്നുകൂടി ഓർക്കേണ്ടിയിരിക്കുന്നു. മറിച്ച്, അടിക്കടി ഉപദേശിച്ചുകൊണ്ടിരുന്നത്, എല്ലാ ദുഃഖങ്ങളുടേയും നേരെ സഹനം കൈക്കൊള്ളുവിൻ എന്നായിരുന്നു. അക്രമങ്ങളോടെതിരിട്ട് ശത്രുക്കളോട് പൊരുതാൻ അനുവാദം ചോദിച്ചപ്പോൾ, നബിനായകർ(സ) ആ നീക്കത്തെ തടഞ്ഞുകൊണ്ടുപറഞ്ഞത്, സഹനം കൈക്കൊള്ളാനുള്ള കല്പനയാണ് തനിയ്ക്ക് ലഭിച്ചിട്ടുള്ളതെന്നായിരുന്നു. ചുരുക്കത്തിൽ, തിരുനബി(സ) എപ്പോഴും സഹനം കൈക്കൊള്ളാനാണ് ഊന്നിപ്പറഞ്ഞുകൊണ്ടിരുന്നത്.

എന്നാൽ, ഒടുവിൽ അക്രമികളോട് പൊരുതിക്കൊള്ളുവാനുള്ള കല്പന ആകാശത്തുനിന്ന് വന്നെത്തി. അത്തരത്തിലുള്ള സഹനപരീക്ഷയുടെ ഉദാഹരണം ലോകത്തുള്ള സർവ ജനവിഭാഗങ്ങളിലും ആദ്യത്തിലും അന്ത്യത്തിലുമുള്ള ജനങ്ങളിൽ നിങ്ങൾ തിരഞ്ഞുനോക്കുവിൻ. പിന്നെ, നിങ്ങൾക്ക് സാധ്യമാണെങ്കിൽ ഇതിന്റെ ഒരു ഉദാഹരണം മൂസാനബി(അ)ന്റെ ജനത്തിലൊ, ഈസാനബി(അ)ന്റെ ഹവാരീങ്ങളിലൊ കണ്ടെത്തിയെങ്കിൽ എനി

ക്കതു കാണിച്ചുതരുവിൻ.

ലോകത്തിനു മുഴുവൻ അഭിമാനം കൊള്ളാവുന്ന തരത്തിൽ സഹനത്തിന്റേയും അക്രമരാഹിത്യത്തിന്റേയും ഉത്തമസ്വഭാവങ്ങളുടെയും മാതൃക മുസൽമാന്മാരുടെ മുമ്പിൽ ഉള്ളപ്പോൾ ഈ മാതൃകയെ തീരെ കൈയൊഴിച്ചുകളഞ്ഞതു എന്തുമാത്രം ബുദ്ധിശൂന്യതയും ദൗർഭാഗ്യവും ഗതികേടും ആണ്! വിവരംകെട്ട മൗലവിമാർ– അല്ലാഹു അവർക്ക് സന്മാർഗ്ഗം പ്രദാനം ചെയ്യുമാറാകട്ടെ– കന്നുകാലികളായി കരുതപ്പെട്ട ബഹുജനങ്ങളെ ചതിപ്പെടുത്തുകയും വ്യക്തമായ ദ്രോഹവും നിർദ്ദയത്വവും മനുഷ്യന്റെ സ്വഭാവധർമ്മങ്ങൾക്ക് വിപരീതമായ കാര്യങ്ങളും സ്വർഗ്ഗത്തിന്റെ താക്കോൽ ആയി വിവരിച്ചിരിക്കുകയുമാണ്. നമുക്ക് ഒരു ബന്ധവുമില്ലാത്ത, പേരുപോലുമറിയാത്ത, നമ്മെക്കുറിച്ച് ഒന്നുമേതും അറിയാത്ത ഒരാൾ തന്റേതായ ഏതോ കാര്യത്തിനായി ബസാറിലൂടെ നടന്നുപോവുമ്പോൾ, അയാളെ കൊല്ലാനുള്ള ഉദ്ദേശ്യത്തോടെ അയാളുടെ നേരെ പിസ്റ്റൾ പ്രയോഗിക്കുക എന്നത് നന്മയായിട്ടുള്ള ഒരു പ്രവൃത്തിയാകുമോ? ഇതാണോ യഥാർത്ഥ ദീനീബോധം? ഇതു നന്മയായ ഒരു കൃത്യമാണെങ്കിൽ ജന്തുക്കളല്ലേ നന്മ ചെയ്യുന്നതിൽ മനുഷ്യരേക്കാൾ മുൻപന്തിയിൽ? സുബ്ഹാനല്ലാഹ്! തുണ്ടംതുണ്ടമാക്കപ്പെട്ടാലും തിന്മയെ ബലംകൊണ്ട് നേരിടരുത് എന്ന് ദൈവം മക്കയിൽവച്ചു അവരോട് കല്പിച്ചിരുന്നപ്പോൾ അവർ എന്തുമാത്രം സദൃത്തരും നബിമാരുടെ പ്രകൃതം സ്വീകരിച്ചവരുമായിരുന്നു! ഈ കല്പന കിട്ടിയപ്പോൾ അവർ തങ്ങളുടെ കൈകൾക്ക് ശക്തിയോ ചുമലുകൾക്ക് ബലമോ ഇല്ലാത്ത പിഞ്ചു പൈതങ്ങളെപ്പോലെ അശക്തരും നിസ്സഹായരുമായി മാറി!

അവരിൽ ചിലരെ കൊലചെയ്തത് ഇപ്രകാരമായിരുന്നു: രണ്ടു ഒട്ടകങ്ങളെ ഒരിടത്തു നിറുത്തി അവരുടെ ഓരോ കാലും ഓരോ ഒട്ടകത്തിന്റേയും കാലിനോടു ബലമായി ചേർത്തുകെട്ടിയ ശേഷം ഒട്ടകങ്ങളെ വിപരീത ദിശകളിലേക്ക് ഓടിച്ചുവിടുകയും അങ്ങനെ അവരുടെ ശരീരം, കാരട്ടോ മുള്ളങ്കിയോ അരിഞ്ഞിടുന്നതുപോലെ രണ്ടു ചീന്തുകളായി ഛേദിച്ചു കളയുകയും ചെയ്തു. എന്നാൽ, അഹോ, കഷ്ടം, മുസൽമാന്മാർ പ്രത്യേകിച്ചും മൗലവിമാർ ഈ സംഭവങ്ങളെയെല്ലാം അഗണ്യകോടിയിൽ തള്ളുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ അവർ ലോകം മുഴുവനും തങ്ങളുടെ ഇരയാണെന്നു കരുതുന്നു. ഏതെങ്കിലും ഒരു വേട്ടക്കാരൻ ഏതാകിലുമൊരു വനത്തിൽ ഒരു മാൻപേടയുണ്ടെന്നറിഞ്ഞാൽ ഒളിച്ചും പതുങ്ങിയും അതിന്റെ അടുത്തെത്തുകയും തക്കം നോക്കി അതിന്റെ നേർക്ക് വെടിയുതിർക്കുകയും ചെയ്യുന്ന അതേ തരത്തിൽ തന്നെയാണ് ഭൂരിപക്ഷം മൗലവിമാരും പെരുമാറുന്നത്.



## അനുകമ്പയുടെ പാഠങ്ങൾ

മനുഷ്യത്വപരമായ അനുകമ്പയുടെ പാഠങ്ങളിൽ ഒരക്ഷരം പോലും ഒരിക്കലും ഇവർ പഠിച്ചിട്ടില്ല. ഒന്നുമേതുമറിയാത്ത ഒരു അപരിചിതന്റെമേൽ പിസ്റ്റളോ തോക്കോ പ്രയോഗിക്കുന്നതാണ് ഇവരെ സംബന്ധിച്ചിടത്തോളം ഇസ്‌ലാംധർമ്മം. ഇവരുടെ കൂട്ടത്തിൽ സ്വഹാബത്തിനെപ്പോലെ പ്രഹരം ഏല്ക്കുകയും സഹനം കൈക്കൊള്ളുകയും ചെയ്യുന്നവർ ആരുണ്ട്? നമുക്ക് അറിവില്ലാത്ത, നമ്മെ അറിഞ്ഞുകൂടാത്ത ഒരു വ്യക്തിയെ അയാൾ ചെയ്ത കുറ്റമെന്താണെന്നറിയുകപോലും ചെയ്യാതെ വെറുതെ കുത്തിക്കൊല്ലുകയോ നിറയൊഴിച്ച് അയാളുടെ കഥ കഴിക്കുകയോ ചെയ്യാൻ അല്ലാഹു കല്പന നല്കിയിട്ടുണ്ടോ? നിരപരാധിയായിരിക്കെ, കുറ്റമൊന്നും ചെയ്യാതെ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കപ്പെടാതെ ദൈവദാസരെ കൊന്നിട്ടാൽ നേരെ സ്വർഗ്ഗത്തിലെത്താമെന്നു പഠിപ്പിക്കുന്ന മതം ദൈവത്തിൽനിന്നുള്ളതാകാമോ? മുമ്പേ നമ്മോടു ഒരു ശത്രുതയും പുലർത്തിയിട്ടില്ലാത്ത ഒരാൾ തന്റെ കുട്ടികൾക്കായി മാർക്കറ്റിൽനിന്ന്

എന്തോ സാധനങ്ങൾ വാങ്ങിക്കൊണ്ടിരിക്കെ ഒരു കാരണവുമില്ലാതെ ഒന്നുമറിയാത്ത അയാളുടെ നേരെ നിറതോക്കൊഴിച്ചു അയാളുടെ മക്കളെ അനാഥരാക്കുകയും അയാളുടെ ഭാര്യയെ വിധവയാക്കുകയും അയാളുടെ വീട്ടിൽ അലമുറകൾ സൃഷ്ടിക്കുകയും ചെയ്യണമെന്ന് ഏതു നബിവചനത്തിലാണ് എഴുതിവെച്ചിട്ടുള്ളത്? ഏത് ഖുർആനികവചനത്തിലാണിത് രേഖപ്പെടുത്തിയിട്ടുള്ളത്? ഏതെങ്കിലും മൗലവി ഇതിനുത്തരം നല്കുമോ? ഈ വിവരംകെട്ടവർ ജിഹാദ് എന്ന പദം കേട്ടിരിക്കുന്നു. അതിന്റെ മറവിൽ സ്വേച്ഛകൾ നേടുകയാണ് ചെയ്യുന്നത്. അഥവാ, ഭ്രാന്തെടുത്തതുപോലെ ചോരചിന്താനൊരുങ്ങുന്നു. നമ്മുടെ നബിനായകർ(സ) തിരുമേനിയുടെ കാലത്ത് നിരവധി മുസ്‌ലിംകൾ അവിശ്വാസികളുടെ വാളിന്നിരയായ നിലയിൽ ഖബ്റുകളിലെത്തിയ ഘട്ടത്തിലാണ് മുസ്‌ലിംകൾ ദൈവകല്പന പ്രകാരം വാളെടുത്തതെന്നു ഞാൻ മുകളിൽ പറഞ്ഞുകഴിഞ്ഞതാണ്. ഒടുവിൽ വാളിന്നിരയാക്കിപ്പോന്നവർ വാളിന്നിരയാക്കപ്പെടണമെന്ന് ദൈവം ഇച്ഛിച്ചു. അവൻ ഉദാരനും കാരുണ്യവാനും ആർദ്രതയുള്ളവനും പൊറുമ കാട്ടുന്നവനുമത്രെ. അവസാന ഘട്ടത്തിൽ സാത്ത്വികർക്കുവേണ്ടി അവൻ അഭിമാനിയായി മാറുന്നു. ഇക്കാലത്ത് മുസൽമാന്മാരെ മതത്തിന്റെ പേരിൽ ആരും കൊല്ലാനൊരുങ്ങുന്നില്ലെന്നിരിക്കെ നിരപരാധികളെ കൊല്ലുന്നതു കണ്ട് ഞാൻ ആശ്ചര്യപ്പെടുകയാണ്. ഇസ്‌ലാം ദുഷ്‌കീർത്തിക്ക് പാത്രമായിത്തീരുന്ന ഇത്തരം നീക്കങ്ങളെ ഉലമാക്കൾ എന്തുകൊണ്ടാണ് തടയാത്തത്? ഈ ഇംഗ്ലീഷ് ഗവൺമെന്റിന്റെ കീഴിൽ മുസ്‌ലിംകൾ എത്രമാത്രം ആശ്വസ്ഥരാണ്. ഈ ആശ്വാസങ്ങളെ ആർക്കെങ്കിലും എണ്ണിക്കണക്കാക്കാമോ? സിക്കുകാരുടെ ഭരണകാലം കണ്ടവരായ ആളുകൾ പലരും ഇന്നും ജീവിച്ചിരിക്കുന്നുണ്ടാകും. ഇസ്‌ലാമിന്റെ ഒരു പ്രധാന അടയാളമായ നമസ്കാരത്തിനുള്ള ബാങ്കുവിളി ഉയർത്തുന്നതുപോലും ഒരു കുറ്റമായി അന്ന് കണക്കാക്കപ്പെട്ടിരുന്നു. ആർക്കെങ്കിലും അന്ന് ഉച്ചത്തിൽ ബാങ്ക് വിളിക്കാൻ സാധിച്ചിരുന്നുവോ? അവരുടെ കുന്തങ്ങളിൽനിന്നും കൃപാണങ്ങളിൽനിന്നും ആർക്കാണ് സുരക്ഷിതത്വം ഉണ്ടായിരുന്നത്? സിക്കുകാരുടെ അന്യായമായ കൈയ്യേറ്റങ്ങളിൽനിന്ന് മുസൽമാന്മാരെ മോചിപ്പിച്ചുകൊണ്ട് ഇംഗ്ലീഷ് ഗവൺമെന്റിന്റെ സമാധാനദായകമായ ഭരണത്തിങ്കീഴിൽ അവരെ പ്രവേശിപ്പിച്ചത് ദൈവംചെയ്ത തെറ്റായ ഒരു പ്രവൃത്തിയായിപ്പോയോ? ഈ ഗവൺമെന്റ് വന്നതോടെ പഞ്ചാബിലെ മുസ്‌ലിംകൾ പുതുതായി വീണ്ടും സമാധാനം കണ്ടെത്തി. ഉപകാരത്തിന്റെ മടക്കം പ്രത്യുപകാരം തന്നെയാണ്. മുസ്‌ലിംകളിൽനിന്നുയർന്ന ആയിരമായിരം പ്രാർത്ഥനകളുടെ ഫലമായിട്ടുതന്നെ സിക്കുഭരണത്തിനു പകരം നമുക്ക് ലഭിച്ചിട്ടുള്ള ഈ ദൈവികാനുഗ്രഹങ്ങളെ നാം തള്ളിപ്പറയാൻ പാടില്ലാത്തതായിരുന്നു.



ഞാനീ അവസരത്തിൽ എന്നെ വാഗ്ദത്തമസീഹ് ആയി വിശ്വസിച്ച എന്റെ ജമാഅത്തിനോട് പ്രത്യേകനിലയിൽ ഉപദേശിക്കുന്നു. അവർ ഈ വൃത്തികെട്ട ശീലങ്ങളിൽനിന്നെല്ലാം വിട്ടകന്നു നില്ക്കേണ്ടതാണ്. എന്നെ വാഗ്ദത്ത മസീഹ് ആക്കി അല്ലാഹു അയക്കുകയും ഹദ്റത്ത് മർയമിന്റെ മകൻ മസീഹിന്റെ കുപ്പായമണിയിക്കുകയും ചെയ്തതുകൊണ്ട് ഞാൻ ഉപദേശിക്കുന്നു: തിന്മകളിൽനിന്നു നിങ്ങൾ വിട്ടുമാറുവിൻ. മനുഷ്യസമുദായത്തോടു നിങ്ങൾ അനുകമ്പാപൂർവ്വം പെരുമാറുവിൻ. പകയും വിദ്വേഷവും അകറ്റി മനസ്സിനെ നിർമ്മലമാക്കുവിൻ. അങ്ങനെ നിങ്ങൾ മാലാഖമാരെപ്പോലെ പരിശുദ്ധരായിത്തീരുവിൻ. മനുഷ്യരോടു അനുകമ്പ കാണിക്കാൻ പഠിപ്പിക്കാത്ത മതം എത്രമാത്രം വൃത്തികെട്ടതും അശുദ്ധവുമായ മതമാണ്. വിദ്വേഷത്തിന്റെ മുള്ളുകൾ നിറഞ്ഞ പാത എത്രമാത്രം അശുദ്ധം. അതിനാൽ, എന്റെ കൂടെ

യുള്ള നിങ്ങൾ ഒരിക്കലും അപ്രകാരം ആവരുത്. എന്താണ് മതംകൊണ്ടു നേടേണ്ടത് എന്ന് നിങ്ങൾ ചിന്തിക്കുവിൻ. ദ്രോഹവും മർദ്ദനവും എപ്പോഴും നിങ്ങളുടെ തൊഴിലാക്കിയിരിക്കയാണോ? ദൈവത്തിലായിരിക്കുന്ന അവസ്ഥ നേടുന്നതിന്നുവേണ്ടിയത്രെ മതം. ദൈവികമായ ഗുണധർമ്മങ്ങൾ മനുഷ്യൻ അവനിൽ വളർത്തിയെടുത്തിട്ടല്ലാതെ ഈ അവസ്ഥ കൈവരിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല; മേലിൽ കൈവരിക്കാൻ ആർക്കും ആവുകയുമില്ല. ദൈവത്തിനുവേണ്ടി എല്ലാവരോടും നിങ്ങൾ കാരുണ്യം കാണിക്കുവിൻ. എങ്കിൽ, ആകാശത്തിൽനിന്ന് നിങ്ങളോടും കാരുണ്യം കാണിക്കപ്പെടും. വരുവിൻ! ഞാൻ നിങ്ങൾക്ക് നിങ്ങളുടെ പ്രകാശം മറ്റെല്ലാ പ്രകാശങ്ങളേയും അതിജയിക്കുമാറാകുന്ന വഴി കാണിച്ചുതരാം. ആ വഴി ഏതാണ്? നിങ്ങൾ എല്ലാ ഹീനമായ പകകളേയും അസൂയകളേയും വർജ്ജിക്കുക എന്നതാണാ വഴി. മനുഷ്യസൃഷ്ടികളോട് അനുകമ്പയും സഹാനുഭൂതിയും ഉള്ളവരായിത്തീരുവിൻ. നിങ്ങൾ ദൈവത്തിൽ അർപ്പണം ചെയ്തവരായിത്തീരുവിൻ. അതോടൊപ്പം ഉന്നതയ്ക്കിടയിലുള്ള ആത്മവിശുദ്ധി നേടുകയും ചെയ്വിൻ. ഇതുതന്നെയാണ് അത്ഭുത പ്രവർത്തികൾ (കറാമത്ത്) വെളിപ്പെടുമാറാവുന്ന വഴി– പ്രാർത്ഥനകൾ സ്വീകൃതങ്ങളായിത്തീരുന്ന മാർഗ്ഗവും ഇതുതന്നെ. നിങ്ങളുടെ സഹായത്തിനായി മാലാഖമാർ ഇറങ്ങിവരുന്നതും ഇതുമുഖേനയാകുന്നു. എന്നാൽ, ഇത് ഒരു നാൾകൊണ്ടൊന്നും കൈവരുന്ന ഒന്നല്ല. പുരോഗതിപ്പെടുവിൻ; പുരോഗതിപ്പെടുവിൻ! വസ്ത്രങ്ങൾ ആദ്യം ചൂളയിൽവെച്ചു ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കുന്ന അലക്കുകാരനിൽനിന്ന് പാഠമുൾക്കൊള്ളുവിൻ. അയാൾ അഗ്നിയുടെ സ്വാധീനത്തിൽ സകല അശുദ്ധികളും വൃത്തികേടുകളും വസ്ത്രങ്ങളിൽനിന്നകറ്റുന്നു. പിന്നെ പുലർച്ചെ എഴുന്നേറ്റ് വസ്ത്രങ്ങളെല്ലാം വെള്ളത്തിൽ മുക്കിവെച്ചശേഷം ഓരോ വസ്ത്രവുമെടുത്ത് കല്ലിന്മേൽ തല്ലിത്തല്ലി അവയിൽനിന്നെല്ലാം ചേറുകൾ



വീണ്ടും വേർപ്പെടുത്തുന്നു. അപ്പോൾ, വസ്ത്രങ്ങൾ ആരംഭത്തിലേതുപോലെ ശുദ്ധവും ശുഭ്രവും ആയിമാറുന്നു. മനുഷ്യന്റെ ആത്മാവിനെ വെളുപ്പിക്കുന്ന പദ്ധതിയും ഇതുതന്നെയാകുന്നു. നിങ്ങളുടെ മുഴുവൻ മോക്ഷവും ഈ ശുഭ്രതയിലാണ് സ്ഥിതിചെയ്യുന്നത്. ഇതുതന്നെയാണ് قد افلح من زكيها പലതരത്തിലുള്ള ചേറുകളിൽനിന്നും അഴുക്കുകളിൽനിന്നും ശുദ്ധമാക്കപ്പെട്ട ആത്മാവ് മോക്ഷം പ്രാപിക്കുന്നു എന്നു അല്ലാഹു പറഞ്ഞതിന്റെ അർത്ഥം.

## പ്രവചിത കാലഘട്ടം

നോക്കൂ, ഞാൻ ഒരു കല്പനയും വഹിച്ചുകൊണ്ടാണ് നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്. അതു ഇതാണ്: ഇപ്പോൾ വാളിന്റെ– ജിഹാദ് അവസാനിച്ചിരിക്കുന്നു. ആത്മാവിനെ ശുദ്ധീകരിക്കുന്ന ജിഹാദ് അവശേഷിക്കുന്നു. ഞാനിത് എന്റെ സ്വന്തം നിലയിൽ പറയുന്നതല്ല. ദൈവത്തിന്റെ ഇച്ഛയും ഉദ്ദേശ്യവുംതന്നെയാണിത്. 'സ്വഹീഹു ബുഖാരി'യിൽ വാഗ്ദത്ത മസീഹിനെ സ്തുതിച്ചുകൊണ്ട് يضع الحرب അദ്ദേഹം യുദ്ധങ്ങൾ അവസാനിപ്പിക്കും' എന്നു പറയപ്പെട്ടിരിക്കുന്നതിലേക്ക് ശ്രദ്ധതിരിക്കുവിൻ. അതായത്, മസീഹ് വന്നാൽ മതപരമായ യുദ്ധങ്ങൾക്ക് അറുതിവരുത്തുമെന്നുതന്നെ. അതിനാൽ, ഞാൻ കല്പന പുറപ്പെടുവിക്കുന്നു: എന്റെ സൈന്യത്തിൽ ചേർന്നവർ ആരോ അവർ ഇത്തരം ചിന്താഗതികളുടെ സ്ഥാനത്തുനിന്നു പിറകോട്ടുമാറി നില്ക്കട്ടെ. ഹൃദയങ്ങളെ ശുദ്ധമാക്കുകയും തങ്ങളുടെ മനുഷ്യസ്നേഹപരമായ കാരുണ്യത്തെ ശക്തിപ്പെടുത്തുകയും വേദനിക്കുന്നവരോട് സഹതാപം കാട്ടുകയും ഭൂമിയിൽ സമാധാനം പരത്തുകയും ചെയ്യട്ടെ; ഇതുമുഖേനയാണ് അവരുടെ ദീൻ പരക്കുക. എന്തുകൊണ്ട് അങ്ങനെ സംഭവിക്കും എന്ന കാര്യത്തിൽ അത്ഭുതപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ദൈവം സാമാന്യകാരണങ്ങളൊന്നും കൂടാതെ ഭൗതികാവശ്യങ്ങൾക്കായി ആധുനികമായ കണ്ടുപിടിത്ത

ങ്ങളാൽ ഭൂമിയിലെ ഉപകരണങ്ങളും ഭൂമിയിലെ സകല മാന വസ്തുക്കളും പ്രയോജനപ്പെടുത്തുകയും തീവണ്ടികളെ കുതിരകളേക്കാൾ കൂടുതൽ വേഗത്തിൽ ഓടിച്ചുകാണിക്കുകയും ചെയ്തിട്ടുള്ളതുപോലെതന്നെ ആത്മീയാവശ്യങ്ങൾക്കായും മനുഷ്യകരങ്ങളുടെ മുഖേനയല്ലാതെ സ്വർഗ്ഗീയശക്തികളുടെ സഹായം സ്വീകരിക്കുന്നതാണ്. വലിയ വലിയ സ്വർഗ്ഗീയദൃഷ്ടാന്തങ്ങൾ വെളിപ്പെടുന്നതാണ്. പലവിധങ്ങളായ ദ്യുതിവിലാസങ്ങളും ഉണ്ടാകും. അതുവഴി അനേകരുടെ കണ്ണുകൾ തുറക്കപ്പെടുന്നതാണ്. ഒടുവിൽ, ലോകർക്ക് ബോധ്യപ്പെടും, ദൈവത്തിനു പുറമെ, മനുഷ്യരെയും മറ്റു വസ്തുക്കളേയും ദൈവമാക്കിപ്പോന്നതെല്ലാം പിഴവുകളായിരുന്നെന്ന്. അതുകൊണ്ട്, നിങ്ങൾ സഹനത്തോടെ നോക്കിപ്പാർക്കുവിൻ. എന്തെന്നാൽ, അല്ലാഹു അവന്റെ തൗഹീദിന്റെ കാര്യത്തിൽ നിങ്ങളെക്കാളും അഭിമാനം കൊള്ളുന്നവനാണ്. അനുസരണം കെട്ടവരുടെ കൂട്ടത്തിൽ എഴുതിത്തള്ളപ്പെടാതിരിക്കുന്നതിനായി നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുവിൻ. അല്ലയോ സത്യത്തിനുവേണ്ടി വിശന്നുകൊണ്ടിരിക്കുന്നവരേ, ദാഹിച്ചുകൊണ്ടിരിക്കുന്നവരേ, കേട്ടുകൊൾക: ആരംഭം മുതൽക്കേ വാഗ്ദാനം ചെയ്യപ്പെട്ട ദിനങ്ങളാണിത്. ദൈവം ഈ കഥകൾ നീട്ടിക്കൊണ്ടുപോവുകയില്ല. ഒരു ഉയർന്ന മിനാരത്തിൽ ഒരു വിളക്കുവെച്ചാൽ ദൂരദൂരപ്രദേശങ്ങളിൽ അതിന്റെ പ്രകാശം പരക്കുന്നതായി നിങ്ങൾക്കു കാണുമാറാകുന്നതുപോലെ അഥവാ, ആകാശത്തിന്റെ ഒരറ്റത്ത് മിന്നൽ പ്രകാശിച്ചാൽ അതിന്റെ പ്രഭാവിലാസം സകലഭാഗങ്ങളിലും അതോടൊപ്പം പ്രകാശപൂരിതമായിത്തീരുന്നതുപോലെത്തന്നെ ഈ ദിനങ്ങളിൽ സംഭവിക്കുന്നതാണ്. മസീഹിന്റെ പ്രഖ്യാപനം മിന്നലിന് തുല്യം ലോകത്ത് പരക്കുമെന്നും അഥവാ, ഉത്തുംഗമായ മിനാരത്തിലെ പ്രകാശഗോളം പോലെ ലോകത്തിന്റെ നാലു ദിശകളിലും വ്യാപിക്കുമെന്നുമുള്ള ദൈവത്തിന്റെ പ്രവചനങ്ങൾ പുലരുന്നതിന് ആവശ്യമായ സകല സാമ



ഗ്രികളും ദൈവം ലോകത്ത് ഒരുക്കിയിരിക്കുകയത്രെ. റെയിൽവെയും കമ്പിയും തീക്കപ്പലും പോസ്റ്റൽ സമ്പ്രദായത്തിന്റെ ഉൽക്കൃഷ്ടമായ സംവിധാനങ്ങളും സഞ്ചാരങ്ങൾക്കും യാത്രകൾക്കുമുള്ള സുഖകരമായ മാർഗ്ഗങ്ങളും പൂർണ്ണനിലയിൽ പ്രവർത്തനത്തിൽ വന്നിരിക്കുന്നു. ചുരുക്കത്തിൽ, ഇത്തരം ഏർപ്പാടുകളെല്ലാം ഉണ്ടാക്കിയിരിക്കയാണ്. വാഗ്ദത്ത മസീഹിന്റെ സന്ദേശം അഥവാ സത്യത്തിലേക്കുള്ള ക്ഷണം മിന്നൽപിണർ കണക്കെ ഭൂമിയുടെ എല്ലാ ഭാഗങ്ങളേയും പ്രകാശപൂരിതമാക്കും. നബിവചനങ്ങളിൽ പറയപ്പെട്ട 'മിനാരത്തുൽ മസീഹി'ന്റേയും യാഥാർത്ഥ്യം ഇതുതന്നെയാണ്. ഉയർന്ന മിനാരത്തിൽ നിന്ന് ശബ്ദവും പ്രകാശവും ദൂരസ്ഥലങ്ങളിലോളം എത്തുന്നതുപോലെ മസീഹിന്റെ ശബ്ദവും പ്രകാശവും ശീഘ്രം ലോകത്തെങ്ങും പരക്കുമാറാകും.*

## പുതുയുഗത്തിന്റെ അടയാളങ്ങൾ

അതുകൊണ്ട്, റെയിലും, കമ്പിയും തീക്കപ്പലും പോസ്റ്റൽ സംവിധാനങ്ങളും തബ്ലീഗിനുള്ള സകല സൗകര്യോപാധികളും സഞ്ചാര സൗകര്യങ്ങളും മസീഹിന്റെ കാലത്തിന്റെ സവിശേഷമായ അടയാളമത്രെ. ഇതിനെക്കുറിച്ചുതന്നെയാണ് മിക്ക നബിമാരും അറിയിച്ചിട്ടുള്ളതും. ഖുർആനും പറയുന്നു:

---

* ആഗോളാടിസ്ഥാനത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനേഷനൽ' (M.T.A.I) മുഖേന ഈ പ്രവചനം പുലർന്നിരിക്കുന്നു. കൂടാതെ, ആധുനിക കണ്ടുപിടിത്തങ്ങളായ വയർലസ്സ്, റേഡിയോ, സാറ്റലൈറ്റ് സംപ്രേഷണം, ഐ.എസ്.ഡി, ഇന്റർനെറ്റ് തുടങ്ങിയ സംജ്ഞാപന മാധ്യമങ്ങളും. -വിവ.

* ഞാൻ അടിക്കടി എഴുതുകയുണ്ടായിട്ടുണ്ട്, വാഗ്ദത്ത മസീഹ് ഇസ്റായീലി നബി അല്ലെന്നും അദ്ദേഹത്തിന്റെ പ്രകൃതത്തിലും സ്വഭാവത്തിലും വന്ന ആളാണെന്നും തൗറാത്തിൽ നമ്മുടെ നബിനായകരെ മൂസായുടെ പ്രതിബിംബമായി വിവരിച്ചപ്പോൾ മൂസവി പാരമ്പര്യത്തെപ്പോലെ മുഹമ്മദീ പാരമ്പര്യത്തിലും ഒരു മസീഹ് ഉണ്ടായിരിക്കേണ്ടതാണെന്നും- ഗ്ര.

## وَإِذَا الْعِشَارُ عُطِّلَتْ

അതായത്, വിപുലമായ സത്യഘോഷണത്തിന്റെ കാലമായ വാഗ്ദത്ത മസീഹിന്റെ കാലത്ത്* ഒട്ടകം നിരുപയോഗ്യമായിത്തീരും (81:5). എന്നുവെച്ചാൽ, ഒട്ടകങ്ങൾ ആവശ്യമില്ലാതിരിക്കുമാറ് പുതിയ പുതിയ വാഹനസൗകര്യങ്ങൾ സംജാതമാകും.

يترك القلاص فلا يسعى عليها

അതായത്, അക്കാലത്ത്, ഒട്ടകം നിരുപയോഗയോഗ്യമായിത്തീരും എന്ന് നബിവചനങ്ങളിലും പറയപ്പെട്ടിരിക്കുന്നു. ഈ അടയാളം മറ്റൊരു നബിയുടേയും കാലത്തേക്ക് നല്കപ്പെട്ടില്ല. അതുകൊണ്ട്, നിങ്ങൾ കൃതജ്ഞത പ്രകടിപ്പിക്കുവിൻ. ആകാശത്തിന്റെ അനന്തതകളിൽ പ്രകാശം പരത്താനുള്ള തയ്യാറെടുപ്പും തിരക്കുകളും നടക്കുകയാണ്. ഭൂതലത്തിൽ ഭൗമികമായ അനുഗ്രഹധാരയുടെ ആവേശത്തിമർപ്പാണ്. എന്നുവെച്ചാൽ, സഞ്ചാരത്തിലും പ്രവാസത്തിലും അതുപോലുള്ള മറ്റെല്ലാ കാര്യങ്ങളിലും നിങ്ങൾ നിങ്ങളുടെ പിതാക്കളും പിതാമഹന്മാരും കണ്ടിട്ടില്ലാത്ത ആശ്വാസസൗകര്യങ്ങൾ കണ്ടനുഭവിക്കും. ലോകം തികച്ചും പുത്തനായി മാറിയതുപോലെ! വ്യത്യസ്ത കാലങ്ങളിലെ മധുരഫലങ്ങൾ ഒരേ കാലത്തു തന്നെ ലഭ്യമായിത്തീരും. ആറുമാസക്കാലത്തെ സഞ്ചാരം ഏതാനും ദിവസംകൊണ്ട് സാധ്യമാകും. ആയിരക്കണക്കായ നാഴിക അകലെയുള്ള വിവരങ്ങൾ ഞൊടിയിടയിൽ വന്നെത്തുമാറാകും. എല്ലാ കാര്യങ്ങളുടേയും അനായാസത്വത്തിനായി മെഷീനുകളും യന്ത്രങ്ങളും ഉണ്ടായിരിക്കും. വേണമെങ്കിൽ വീട്ടിൽ ഒരു പൂങ്കാവനത്തിലിരിക്കുമ്പോലെ യാത്ര ചെയ്യാം. അപ്പോൾ ഭൂമിയിൽ ഒരു വിപ്ലവംതന്നെ വന്നുചേർന്നില്ലേ? ഭൂമിയിൽ ഇപ്രകാരം അത്ഭുതകരമായ ഒരു വിപ്ലവം നടന്നിരിക്കെ ആകാശത്തിലും ഒരു അത്ഭുതകരമായ വിപ്ലവം നടക്കണമെന്ന് ആ സർവ്വശക്തൻ ഇച്ഛിച്ചു. ഇവ രണ്ടും മസീഹിന്റെ കാലത്തിന്റെ അടയാളങ്ങളാകുന്നു. എന്റെ ഗ്രന്ഥമായ 'ബറാഹീനെ അഹ്മദിയ്യ'യിലെ ഒരു വെളിപാടിലും ഇതേ അടയാളത്തെ പറ്റിയുള്ള സൂചനകൾ കാണാം. അതു 20 കൊല്ലം മുമ്പേ എഴുതപ്പെട്ടതത്രെ. അതിതാണ്:



أَنَّ السَّمَاوَاتِ وَالْأَرْضَ كَانَتَا رَتْقًا فَفَتَقْنَاهُمَا

"ഭൂമിയും ആകാശവുമെല്ലാം ഒരു ഭാണ്ഡം കണക്കെ ബന്ധിക്കപ്പെട്ടതായിരുന്നു. അതിന്നകത്ത് രത്നം ഒളിഞ്ഞു കിടപ്പുണ്ടായിരുന്നു. നാം മസീഹിന്റെ കാലത്ത് അതു തുറന്നു രണ്ടിലേയും രത്നങ്ങളെ പുറത്തെടുത്തു."*

## കാബുൾ അമീറിനൊരു തർജനം

ജിഹാദ് എന്ന പേരിൽ മറ്റു മതക്കാരുടെമേൽ ആക്രമണം നടത്തുകയെന്ന മുസ്ലിംകളിൽ കാണപ്പെട്ടുവരുന്ന ഇന്നത്തെ പ്രവണത 'ശറഈ' (നിയമാനുസൃതമായ) ജിഹാദ് അല്ലെന്നും മറിച്ച്, അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകൾക്ക് വിരുദ്ധമായ പ്രവർത്തിയും കടുത്ത പാതകവുമാകുന്നു എന്നും ഓർത്തുകൊള്ളേണ്ടതാണ്. എന്നാൽ, ഈ സമ്പ്രദായത്തിൽ പറ്റിപ്പിടിച്ച ചില ഇസ്ലാമികരാഷ്ട്രങ്ങളിൽ ഇതു ഒരു പഴയ ശീലം ആയിക്കഴിഞ്ഞിരിക്കയാൽ, അതു വേഗം ഉപേക്ഷിക്കുക സാധ്യമല്ല. എന്നാൽ, അത്തരം ഉപദേശങ്ങൾ നല്കുന്നവരെ

* ഈ കാലത്ത് ഭൂമിയുടെ ഭാണ്ഡം തുറന്നിരിക്കുകയും ആയിരക്കണക്കായ പുതിയ പുതിയ സത്യങ്ങളും തത്ത്വങ്ങളും യന്ത്രവിശേഷങ്ങളും പുറത്തായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്നതു ഒരു യാഥാർത്ഥ്യമല്ലേ? എന്നിരിക്കെ എന്തുകൊണ്ട് സ്വർഗ്ഗീയ ഭാണ്ഡം ബന്ധിക്കപ്പെടണം. ആകാശത്തിന്റെ ഭാണ്ഡത്തെ പറ്റി പൂർവ്വിക പ്രവാചകന്മാരും പ്രവചിച്ചിട്ടുണ്ടായിരുന്നു. കുട്ടികൾക്കും സ്ത്രീൾക്കും കൂടി ദിവ്യവെളിപാടുണ്ടാവുമെന്നും അതു വാഗ്ദത്ത മസീഹിന്റെ കാലമായിരിക്കുമെന്നും – ഗ്ര.

തങ്ങളുടെ ശത്രുവായി കരുതുകയും അവിശ്വാസികളോടു യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥ കഴിക്കുവാൻ തയ്യാറാവുകയും ചെയ്തേക്കാം. എന്നാൽ, ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്, മുൻ അഫ്ഘാൻ അമീറന്മാരിൽ കാണപ്പെട്ടിട്ടില്ലാത്ത തരത്തിൽ അഫ്ഘാൻകാരിൽ പ്രഭാവം ചെലുത്തിപ്പോരുന്ന ഇപ്പോഴത്തെ കാബുൾ അധിപനായ അമീർ പേരുകേട്ട ആലിമീങ്ങളെ വിളിച്ചുകൂട്ടി ഈ ജിഹാദ് പ്രശ്നത്തെപ്പറ്റി ചർച്ച നടത്തുകയും പിന്നീട് ഉലമാക്കൾ മുഖേനതന്നെ സാമാന്യജനങ്ങളെ അവരുടെ തെറ്റുകളെക്കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യങ്ങളിലെ ഉലമാക്കളിൽ പുശ്തു ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ സൃഷ്ടിക്കുമാറാകും വിവരംകെട്ട മുല്ലമാർ ബഹുജനങ്ങളിൽ പരത്തിവിടുന്ന കൊലപാതകാവേശം ക്രമത്തിൽ ക്രമത്തിൽ കുറഞ്ഞുകൊള്ളുന്നതുമാണ്. ഈ എത്രയും പ്രധാനപ്പെട്ട പരിഷ്കരണപരിപാടിയിലേക്ക് അമീർ അവർകൾ ശ്രദ്ധ തിരിക്കാത്ത പക്ഷം മുല്ലമാരുടെ ഇത്തരം ഫത്വകളുടെ നേരെ നിശ്ശബ്ദത കൈക്കൊള്ളുന്നതിന്റെ അന്തിമഫലങ്ങൾ ഗവർമ്മെന്റിനു തന്നെയും വലിയ കഷ്ടനഷ്ടങ്ങൾ വരുത്തിവച്ചേക്കും. ഇക്കാലത്ത് മതപരമായ ഏറ്റവും നിസ്സാര തർക്കത്തിൽപോലും, ഒരു വ്യക്തിയെ അല്ലെങ്കിൽ ഒരു കക്ഷിയെ മുഴുവനും അവിശ്വാസിയായി പ്രഖ്യാപിക്കുകയെന്നത് ഈ മുല്ലമാരുടേയും മൗലവിമാരുടേയും ശീലമായിക്കഴിഞ്ഞിരിക്കുന്നു. പിന്നെ, കാഫിറുകളെക്കുറിച്ചുള്ള അവരുടെ ജിഹാദ് ഫത്വകളും മറ്റും ഇവരുടെ കാര്യത്തിലും നടപ്പാക്കിത്തുടങ്ങുന്നതുമാണ്.

ഈ സാഹചര്യത്തിൽ, അമീർ അവർകൾക്കുതന്നെ ഈ ഫത്വകളിൽനിന്ന് സുരക്ഷിതനായിരിക്കാൻ സാധ്യ



മല്ല. ഏതെങ്കിലും ഒരവസരത്തിൽ ഈ മുല്ലാവർഗ്ഗം ശാഖാപരമായ കാര്യങ്ങളിൽ അമീറിനു നേരെതന്നെയും വിരോധം പുലർത്തിക്കൊണ്ട് അദ്ദേഹത്തെയും ഇസ്ലാമിക വൃത്തത്തിൽനിന്നു പുറത്താക്കിയെന്നു വരും. അദ്ദേഹത്തിന്റെ കാര്യത്തിലും സത്യനിഷേധികളെക്കുറിച്ചുള്ള ഈ ജിഹാദ്ഫത്വ നടപ്പാക്കാൻ തുനിഞ്ഞേക്കുകയും ചെയ്യും. അതുകൊണ്ട് വിശ്വാസിയേയും അവിശ്വാസിയേയും പടച്ചുവിടുകയും അവരുടെ പേരിൽ ജിഹാദിന്റെ ഫത്വ പുറപ്പെടുവിക്കുകയും ചെയ്യുന്ന അവകാശാധികാരങ്ങൾ ആരുടെ കൈയിലാണോ ആ ജനവിഭാഗം അമീർ അവർകൾക്കും വെറുതെ ഇരിക്കാൻ കഴിയാത്ത വിധം ആപൽക്കാരിയായ ഒരു ജനവിഭാഗമാകുന്നു. ഏതൊരു ഗവർമ്മെന്റിനും എതിരായ രാജ്യദ്രോഹപ്രവർത്തനങ്ങളുടെയും വിപ്ലവങ്ങളുടെയും ഉറവിടങ്ങൾ ഇത്തരം ആൾക്കാർതന്നെയാണെന്നതിൽ സംശയമേ ഇല്ല. സാമാന്യജനം ഇത്തരം ആളുകളുടെ സ്വാധീനത്തിലാണുള്ളത്. അവരുടെ ഹൃദയങ്ങളെ പ്രവർത്തിപ്പിക്കുന്ന യന്ത്രഘടകം ഇവരുടെ കൈയിലാണുള്ളത്. അവർ ഇഷ്ടപ്പെടുന്ന ഭാഗത്തേക്ക് അവയെ തിരിച്ചുവിടാനും അങ്ങനെ ഒരുതരം ഖിയാമത്തിന്റെ കാഴ്ചകൾ പെട്ടെന്ന് സൃഷ്ടിക്കുവാനും അവർക്ക്കഴിഞ്ഞേക്കും.* അതിനാൽ, സാമാന്യജനത്തെ ഇവരുടെ പിടിയിൽനിന്നു വിടുവിക്കുകയെന്നത് കുറ്റമോ പാപമോ ഒന്നുമല്ല. വളരെ ശാന്തമായ മാർഗ്ഗത്തിൽ അവർക്ക് ജിഹാദിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുക്കുകയാണ് വേണ്ടത്. മുസ്ലിംകൾ പിടിച്ചുപറിയന്മാരും കൊള്ളക്കാരുമായി മാറുകയും ജിഹാദിന്റെ പേരുംപറഞ്ഞ് സ്വാർത്ഥപരമായ മോഹങ്ങൾ പൂർത്തിയാക്കുകയും ചെയ്യുവാൻ ഇസ്ലാം ഒരിക്കലുമൊരിക്കലും പഠിപ്പിക്കുന്നില്ല. രാജാവിന്റെ കല്പനയില്ലാതെ ജിഹാദ്

* അഫ്ഘാനിസ്ഥാനിൽ ഇന്നു താലിബാന്റേയും മറ്റും ഫത്വകളുടെ ഫലമായി എന്തു നടക്കുന്നുവെന്ന് നോക്കിക്കാണുന്നവർക്ക് വാഗ്ദത്തമസീഹിന്റെ ക്രാന്തദർശിത്വത്തെ അംഗീകരിക്കാതെ വയ്യ.– വിവർത്തകൻ.

നടത്തുന്നതിന് ഇസ്ലാമിൽ അനുവാദമില്ല എന്ന കാര്യം മുസ്ലിം ജനസാമാന്യത്തിന് അറിവുള്ളതാണല്ലോ. അതുകൊണ്ട്, യാഥാർത്ഥ്യം അറിഞ്ഞുകൂടാത്ത ജനങ്ങളുടെ ഹൃദയത്തിലും അമീർ അവർകളുടെ കല്പനപ്രകാരമാണ് ഇതെല്ലാം നടക്കുന്നതെന്ന ആരോപണം ജനിക്കുമെന്നുള്ള ആശങ്കയ്ക്ക് വകയുണ്ട്. അതുകൊണ്ട്, സാധ്യമായിടത്തോളം ഈ തെറ്റായ ഫത്വയെ – മതവിധിയെ തടയുന്നതിനുവേണ്ടി ശരിയായ ഒരു പരിശ്രമം നടത്തേണ്ടത് അമീർ അവർകളുടെ കടമയാകുന്നു. അപ്പോൾ അമീർ അവർകൾക്ക് ഇതിൽ പങ്കില്ലെന്ന് വ്യക്തമാക്കപ്പെടുന്നതും അദ്ദേഹം ആരോപണങ്ങളിൽനിന്ന് അതീതനാണെന്ന് സൂര്യപ്രകാശംപോലെ തെളിയുന്നതുമാകുന്നു. അക്കാര്യത്തിൽ അദ്ദേഹത്തിന് ദൈവികമായ പ്രതിഫലം ലഭിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ 'ഹുഖൂഖുൽ ഇബാദ്' അഥവാ, സൃഷ്ടിജാലങ്ങളുടെ അവകാശങ്ങളെ നോക്കിപ്പാർക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലും വലിയ നന്മയില്ല. അതായത്, ദ്രോഹികളുടെ വാളുകളിൽനിന്ന് നിരപരാധികളുടെ കഴുത്തുകൾ മോചിപ്പിക്കുക. 'ഗാസി'*മാരായിത്തീരാനുള്ള നിശ്ചയം എടുത്തുകൊണ്ട് വാൾ ചുഴറ്റുന്നവർ അധികവും അഫ്ഘാനികളാണ്. അമീറിന്റെ രാജ്യത്ത് അത്തരക്കാരുടെ ഒരു വലിയ വിഭാഗം ഉണ്ടുതാനും. തന്റെ അപദാനങ്ങളിൽ ഈ പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ ഇതിഹാസം രചിക്കുവാനുള്ള ഒരവസരമാണ് അമീർ അവർകൾക്ക് ഇപ്പോൾ നല്കപ്പെട്ടിരിക്കുന്നത്. ഇസ്ലാമിനെ ദുഷ്കീർത്തിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കിരാത നടപടികൾ കഴിയുന്നിടത്തോളം അഫ്ഘാൻ ജനതയിൽനിന്ന് മോചിപ്പിക്കാൻ അദ്ദേഹത്തിന് അതുവഴി സാധ്യമാകും. അല്ലെങ്കിലും ഇപ്പോൾ വാഗ്ദത്ത മസീഹ് വെളിപ്പെട്ടിരിക്കയാണ്. ഇപ്പോൾ ഏതു നിലയിലും അല്ലാഹു ആകാശത്തുനിന്ന് എല്ലാ സഹായോപാധികളും

* അവിശ്വാസികൾക്കെതിരെ യുദ്ധം ചെയ്യുന്ന വീരൻ



സജ്ജീകരിക്കും. ഭൂമി, ദ്രോഹകൃത്യങ്ങളും അക്രമങ്ങളും അനീതികളും രക്തച്ചൊരിച്ചിലുകളും കൊണ്ട് നിറഞ്ഞിരിക്കയാൽ ഇനി നീതിയും സമാധാനവും സൗമ്യവൃത്തികളും കൊണ്ട് നിറക്കപ്പെടും. ഇതിൽ എന്തെങ്കിലും തരത്തിൽ ഭാഗഭാക്കാവുന്ന അമീറന്മാരും രാജാക്കന്മാരും അനുഗൃഹീതരായിരിക്കുന്നതാണ്.

## ഗവർമ്മെന്റിനോടൊരഭ്യർത്ഥന

ഈ ലിഖിതങ്ങൾക്കെല്ലാം ശേഷം നമ്മുടെ നന്മനിറഞ്ഞ ഗവർമ്മെന്റിന്റെ സമക്ഷം ചില അപേക്ഷകൾ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഗവർമ്മെന്റ് യുക്തിബോധവും ആലോചനാപാടവവുമുള്ള ഒരു ഗവർമ്മെന്റ് ആണെന്ന് നാം മനസ്സിലാക്കുന്നുണ്ടെങ്കിലും, ഏതെങ്കിലും നല്ലതായ ഒരു നിർദ്ദേശമുണ്ടെങ്കിൽ ഗവർമ്മെന്റിനും ജനങ്ങൾക്കും ഗുണകരമായ ഒരു കാര്യം ആലോചനയിൽ വന്നാൽ, അത് സർക്കാർ സമക്ഷം സമർപ്പിക്കേണ്ടത് നമ്മുടേയും കടമയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അത് ഇതാണ്: അതിർത്തിയിലെ അഫ്ഘാനികളിൽ നിലനില്ക്കുന്ന കിരാതമായ ശീലങ്ങൾക്ക് അതായത്, നിരപരാധികളായ ആളുകളെ കൊല ചെയ്യുന്നതായുള്ള അടുത്തുമാത്രം നടന്ന സംഭവങ്ങൾക്ക് ഞാൻ വിവരിച്ചതുപോലെ രണ്ട് കാരണങ്ങളാണുള്ളത്.

1) ഒന്നാമത്തേത്, ഇതരമതക്കാരായ ആളുകളെ പ്രത്യേകിച്ചും ക്രിസ്ത്യാനികളെ കൊല്ലുന്നത് മതപരമായ ഒരു വലിയ പുണ്യകൃത്യമാണെന്നും അതുമുഖേന സ്വർഗ്ഗീയമായ മഹാനുഗ്രഹങ്ങൾക്ക് പാത്രീഭവിക്കുന്നതാണെന്നുമുള്ളതു മൗലവിമാരുടെ വിശ്വാസങ്ങളിൽ പെട്ടതാണെന്നതത്രെ. അത്തരം പുണ്യം നമസ്കാരങ്ങളിൽനിന്നോ ഹജ്ജ് മുഖേനയോ സക്കാത്ത് മുഖേനയോ മറ്റെന്തെങ്കിലും സൽകൃത്യങ്ങൾ മുഖേനയോ ലഭിക്കുന്നതല്ലെന്നും

* തീവ്രവാദം പരത്തുന്ന മദ്രസ്സകളെ നിയന്ത്രിക്കാൻ പാക്കിസ്താനിലെ ശരീഫ് ഗവർമ്മെന്റ് കർശന നടപടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നു. – വിവ:

അവർ കരുതുന്നു. ഇക്കൂട്ടർ രഹസ്യനിലയിൽ സാമാന്യ ജനങ്ങളുടെ കാതുകളിൽ അത്തരം 'വഅളു'കളും ഉപ ദേശപ്രസംഗങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു എന്ന് എനിക്ക് നല്ലപോലെ അറിയാം. രാവും പകലും ഇത്തരം 'വഅളു'കൾ കേട്ടുകേട്ട് മൃഗീയമായ അഥവാ, അതിൽ അല്പം ഭേദപ്പെട്ട അവരുടെ ഹൃദയങ്ങളിൽ വലിയ ദുസ്വാധീനങ്ങൾ ഉണ്ടായിത്തീരുന്നു.* അങ്ങനെ അവർ ജന്തുക്കളെപ്പോലെയായിത്തീരുന്നു. അവരിൽ അണു അളവ് കാരുണ്യം അവശേഷിക്കുന്നില്ല. അവർ മനുഷ്യശരീരം വിറകൊള്ളുന്ന തരത്തിലുള്ള രക്തച്ചൊരിച്ചിലുകൾ ദയാലേശമില്ലാതെ നടത്തുന്നു. ഇത്തരം ഉപദേശപ്രസംഗങ്ങൾ നടത്തുന്ന മൗലവിമാർ അതിർത്തി സംസ്ഥാനങ്ങളിലും അഫ്ഘാൻരാജ്യത്തും നിറഞ്ഞിരിക്കയാണ്. പഞ്ചാബിലും ഇന്ത്യയിൽ മറ്റു ഭാഗങ്ങളിലും അത്തരം മൗലവിമാർ ഉണ്ടെന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്തെ മുഴുവൻ മൗലവിമാരും ഇത്തരം ചിന്തകളിൽനിന്ന് സംശുദ്ധരും മുക്തരുമാണെന്ന് സർക്കാറിന് ദൃഢവിശ്വാസമുണ്ടെങ്കിൽ അത്തരം ദൃഢവിശ്വാസം പുനരാലോചിക്കപ്പെടേണ്ടതാണ്. അധികപള്ളികളിലും ഇരിപ്പുറപ്പിച്ച വിവരംകെട്ട, ദുരാവേശം നിറഞ്ഞ മുല്ലമാർ ഇത്തരം ദുഷ്ടചിന്തകളിൽനിന്നു മുക്തരല്ലെന്നാണ് എന്റെ അഭിപ്രായം. അത്തരം ചിന്താഗതികൾ ദൈവത്തിന്റെ പരിശുദ്ധ വചനങ്ങളിലെ മാർഗ്ഗദർശനമനുസരിച്ചാണ് അവർ പുലർത്തുന്നതെങ്കിൽ ഞാൻ അവരെ കുറ്റപ്പെടുത്തുകയില്ല. എന്തുകൊണ്ടെന്നാൽ, മതവിശ്വാസകാര്യങ്ങളിൽ ഒരു തരത്തിൽ മനുഷ്യർക്ക് ചില ഒഴികഴിവുകളുണ്ട്. എന്നാൽ, ഞാൻ സത്യമായും, സത്യമായും പറയുന്നു, അവർ സർക്കാരിന്റെ നന്മകളെ അപ്പടി വിസ്മരിച്ചുകൊണ്ട്, ഈ നീതിനിഷ്ഠമായ ഗവർമ്മെന്റിന്റെ ഗുപ്തശത്രുക്കളാകുന്നു; അപ്രകാരംതന്നെ അവർ ദൈവത്തിന്റെയും ദൃഷ്ടിയിൽ

* അവിശ്വാസികൾക്കെതിരെ യുദ്ധം ചെയ്യുന്ന വീരൻ



കുറ്റവാളികളും ധിക്കാരികളുമത്രെ. എന്തുകൊണ്ടെന്നാൽ, ഈ നിരപരാധികളെ ഇപ്രകാരം കൊല്ലുന്നതിന് ദൈവ വചനങ്ങൾ ഒരിക്കലുമൊരിക്കലും അനുശാസിക്കുന്നില്ല എന്ന് ഞാൻ വളരെ വിസ്തരിച്ചു പ്രതിപാദിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്രകാരം അനുശാസിക്കുന്നതായി കരുതുന്നവർ ഇസ്‌ലാമിൽനിന്ന് തെറ്റിപ്പോയവരത്രെ.

2) 'ഗാസി'*യാവാനുള്ള മറവിൽ നടത്തുന്ന ഈ കുറ്റകരമായ രക്തച്ചൊരിച്ചിലിന്റെ രണ്ടാമത്തെ കാരണക്കാർ എന്റെ അഭിപ്രായത്തിൽ പാതിരിമാരുംതന്നെയാണ്. ഇസ്‌ലാമിൽ ജിഹാദ് നിർബന്ധമാണെന്നും മറ്റു മതക്കാരെ കൊല്ലുന്നത് വലിയ പുണ്യമാണെന്നുമാണ് മുസ്‌ലിംകളുടെ മതം പഠിപ്പിക്കുന്നതെന്ന് പാതിരിമാർ അതിരുവിട്ട നിലയിൽ കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ അതിർത്തി പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജിഹാദ് എന്താണെന്നുപോലും അറിഞ്ഞുകൂടായിരുന്നു. അത് അവർക്കു പഠിപ്പിച്ചുകൊടുത്തതുതന്നെ പാതിരിമാരാകുന്നു. ഇങ്ങനെ പറയുന്നതിന് മതിയായ തെളിവുകൾ എന്റെ പക്കലുണ്ട്. പാതിരിമാർ പത്രങ്ങളും പുസ്തകങ്ങളും അതിർത്തിപ്രദേശങ്ങളിൽ പ്രചരിപ്പിച്ചിരുന്നതിന് മുമ്പേ ആ പ്രദേശങ്ങളിൽ ഇത്തരം സംഭവങ്ങൾ വളരെ കുറച്ചേ കേൾക്കാൻ കഴിഞ്ഞിരുന്നുള്ളൂ. എന്നല്ലാ, അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. സിക്കുകാരുടെ ഭരണം ഈ രാജ്യത്തുനിന്നു നീങ്ങിയശേഷം അവരുടെ സ്ഥാനത്ത് ഇംഗ്ലീഷുകാർ വന്നു. ഈ ഭരണവിപ്ലവത്തിൽ മുസൽമാന്മാർക്ക് വലിയ ആഹ്ലാദമാണുണ്ടായിരുന്നത്. അതിർത്തി പ്രദേശങ്ങളിലുള്ളവരും വളരെ സന്തോഷം കൊണ്ടിരുന്നു. പിന്നെ പാതിരി ഫേണ്ടർ (Rev. Phander) 1849ൽ 'മീസാനുൽ ഹഖ്' എന്ന കൃതി പ്രസിദ്ധപ്പെടുത്തിക്കൊണ്ട് ഇന്ത്യയിലും പഞ്ചാബിലും അതിർത്തിപ്രദേശങ്ങളിലുമെല്ലാം അതു പ്രചരിപ്പിക്കുകയുണ്ടായി.

ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ നബിനായകർ തിരുമേനിയേയും കുറിച്ച് അധിക്ഷേപാർഹമായ വാചകങ്ങൾ അതിൽ ഉൾപ്പെടുത്തുകയും മറ്റു മതക്കാരെ കൊല്ലുന്നത് ഇസ്‌ലാമിൽ അനുവദനീയമാണെന്നു മാത്രമല്ല, പുണ്യമുള്ള കാര്യവുംകൂടിയാണെന്നും ലക്ഷക്കണക്കിനാളുകൾക്കിടയിൽ അവർ പ്രചരിപ്പിക്കുകയും ചെയ്തു. ഇതൊക്കെ കേട്ട്, 'ദീൻ'- മത കാര്യങ്ങൾ ഒന്നുമറിഞ്ഞുകൂടാത്ത അതിർത്തി സംസ്ഥാനങ്ങളിലെ മൃഗസമാനരായ ജനങ്ങൾ ഞെട്ടിയുണരുകയും തങ്ങളുടെ മതത്തിൽ യഥാർത്ഥത്തിൽ മറ്റുമതക്കാരെ കൊല്ലുന്നത് വലിയ പുണ്യമുള്ള കാര്യമാണെന്നുതന്നെ വിശ്വസിച്ചുറപ്പിക്കുകയും ചെയ്തു.

അതിർത്തി പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിലുള്ള അധികമായ സംഭവങ്ങൾക്കും കടുത്ത ശത്രുതാപരമായ ആവേശങ്ങൾക്കും കാരണമെന്താണെന്ന് ഞാൻ വളരെയധികം ചിന്തിച്ചപ്പോൾ അതു പാതിരിമാരുടെ കൃതികൾ കൂടിയാണെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ആ കൃതികളിൽ ജിഹാദിനെക്കുറിച്ച് അടിക്കടി ജനങ്ങളെ കേൾപ്പിച്ചുകൊണ്ട് തീക്ഷ്ണ വികാരങ്ങൾ ഇളക്കിവിടുന്നതിനു എല്ലാ അതിരുകളും കടന്നു രൂക്ഷമായ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. എത്രത്തോളമെന്നാൽ, ഒടുവിൽ 'മീസാനുൽ ഹഖി'ന്റെ പൊതുവായ പ്രസിദ്ധിയും അതിന്റെ വിഷമയമായ ദുസ്വാധീനങ്ങളും കാരണം നമ്മുടെ സർക്കാർ അതിർത്തിപ്രദേശങ്ങളിലെ ജനങ്ങളിലുള്ള മതയുദ്ധ ചിന്തകൾ തടയുന്നതിന് 1867 -ൽ 23-ാം നമ്പ്ര് ആക്ട് നടപ്പാക്കാനിടയായി. ഈ നിയമം അതിർത്തിയിലെ ആറു ജനവിഭാഗങ്ങൾക്ക് വേണ്ടിയാണ് നടപ്പാക്കപ്പെട്ടത്. അതുവഴി കൊലസംഭവങ്ങൾ അവസാനിക്കുമെന്ന പ്രതീക്ഷ പുലർത്തപ്പെട്ടിരുന്നു. എന്നാൽ, അതിനുശേഷം പാതിരി ഇമാദുദ്ദീൻ അമൃത്സരിയും മറ്റു ചില വിടുവായന്മാരായ പാതിരിമാരും രൂക്ഷവും മലീമസവുമായ എഴുത്തുകളിലൂടെ രാജ്യത്തെ ആഭ്യന്തരസമാധാനത്തെയും സ്നേഹസൗഭ്രാത്രങ്ങളെയും അപകടപ്പെടുത്തുകയുണ്ടായി. ഇപ്രകാരംതന്നെ വേറെയും പാതിരിമാരുടെ പുസ്തകങ്ങൾ-ഇവയുടെ വിസ്തീർണ്ണ വിവരങ്ങളൊന്നും ഇവിടെ എടുത്തു പറയേണ്ട ആവശ്യമില്ല- ഹൃദയങ്ങളിൽ ശത്രുതയുടെയും പകയുടെയും ബീജം പാകി. ചുരുക്കത്തിൽ, ഇക്കൂട്ടർ സർക്കാരിന്റെ സൗമനസ്യപ്രവർത്തനങ്ങളുടെ എതിരാളികളായിത്തീർന്നു. നമ്മുടെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം നടപടികൾ വളരെ സ്തുത്യർഹമായിരുന്നു. അത്തരം പുസ്തകങ്ങൾക്ക് റദ്ദ് എഴുതുന്നതിനെ ഗവർമ്മെന്റ് വിലക്കിയിട്ടില്ല. ഈ രൂക്ഷമായ വിമർശനങ്ങൾക്കെതിരിൽ മുസ്‌ലിംകളുടെ ഭാഗത്തുനിന്നു രൂക്ഷമായ ഭാഷയിൽതന്നെ മറുപടിയുമുണ്ടായി. ആ രൂക്ഷമായ മറുപടികൾതന്നെ, അത് അനുവദിച്ച ഗവർമ്മെന്റിന്റെ വിശാലമനസ്കതയുടെ തെളിവായി ശോഭിച്ചു. അധിക്ഷേപാർഹങ്ങളായ കൃതികൾ കാരണം സംഭവിക്കുമെന്ന് ഭയപ്പെട്ടിരുന്ന കലാപങ്ങൾ നമ്മുടെ ഗവർമ്മെന്റിന്റെ സദുദ്ദേശ്യങ്ങളും നീതിപൂർവ്വമായ നടപടികളുംകൊണ്ട് കെട്ടടങ്ങിപ്പോയി.

ചുരുക്കത്തിൽ, നമുക്ക് ഇസ്‌ലാമിലെ ഈ മുല്ലമാരെ സംബന്ധിച്ചിടത്തോളം, അവർ ജിഹാദിനെക്കുറിച്ചുള്ള തെറ്റായ സങ്കല്പത്തിൽ ഉറച്ചുനിന്നുകൊണ്ട് അതിർത്തിയിലെ ജനവിഭാഗങ്ങളിൽ നന്മനിറഞ്ഞ സർക്കാരിന്റെ ബഹുമാന്യരായ ഉദ്യോഗസ്ഥന്മാരുടെ രക്തം കൊണ്ട് തങ്ങളുടെ വാളുകളിൽ ശോണിമ ചാർത്താൻ പഠിപ്പിച്ചു എന്നു നമുക്ക് വ്യസനസമേതം ഏറ്റുപറയേണ്ടിവന്നിരിക്കുന്നു. എന്നാൽ, അതോടൊപ്പംതന്നെ പാതിരിമാരായ യൂറോപ്യൻ മുല്ലമാരുടെ കാര്യത്തിലും നമുക്ക് ഖേദിക്കേണ്ടിവന്നിരിക്കുന്നു. അവർ അന്യായമായ തരത്തിൽ രൂക്ഷവും വസ്തുതകൾക്ക് നിരക്കാത്തതുമായ എഴുത്തുകളിലൂടെ വിവരംകെട്ടവരെ ഇളക്കിവിടുകയും ആയിരക്ക

ണക്കിൽ തവണ ജിഹാദിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് കിരാതതുല്യരായ മുസ്‌ലിംകളുടെ ഹൃദയങ്ങളിൽ അവരുടെ മതത്തിൽ ഉടൻ സ്വർഗം പൂകാനുള്ള ജിഹാദ് എന്ന മാർഗ്ഗമുണ്ടെന്ന ധാരണ കുത്തിനിറക്കുകയുമുണ്ടായി. ഈ പാതിരിമാർക്ക് ദുരുദ്ദേശ്യങ്ങളൊന്നുമുണ്ടായിരുന്നില്ലെങ്കിൽ അവർ മോശയുടെയും യോശുവായുടെയും ജിഹാദുകളും നമ്മുടെ നബിനായകർ(സ) തിരുമേനിയുടെ ജിഹാദും താരതമ്യപഠനം നടത്തിക്കൊണ്ട് കാര്യങ്ങൾ മനസ്സിലാക്കുകയും നിശ്ശബ്ദരായിരിക്കയും ചെയ്യുമായിരുന്നു. ജനങ്ങളെ ഇളക്കിവിടാനുള്ള ഈ ഫിത്നയ്ക്ക് വലിയൊരു ഉപാധിയായി വർത്തിച്ചത് ഇസ്‌ലാമി മൗലവിമാരാണെങ്കിൽ മുസ്‌ലിംകൾ ഇപ്പോൾ സംശയാലുക്കളായി കാണപ്പെടുന്നതിന് കാരണക്കാരായിട്ടുള്ള പാതിരിമാരുടെ കൃതികളും എഴുത്തുകളും ഈ ഫിത്ന – കുഴപ്പം പരത്തുന്നതിൽ പങ്കുവഹിക്കുന്നുണ്ടെന്ന് ഏറ്റുപറയാനും നീതിബോധം നമ്മെ നിർബന്ധിക്കുന്നു. കഷ്ടം! ചില ദുർബുദ്ധികൾ ഫിത്ന തുടങ്ങിവച്ചു രംഗത്തുനിന്നു മാറിക്കളയുന്നു. അതിന്റെ വിഷമങ്ങൾ സർക്കാരിലാണ് വന്നുചേരുന്നത്.

## അന്യമതങ്ങളെ ദുഷിക്കരുത്

ഈ വിഷമങ്ങൾ അകറ്റുന്നതിനു എന്റെ പക്കൽ ഏറ്റവും നല്ല നിർദ്ദേശം ഇപ്പോൾ ബ്രിട്ടീഷ് ഗവർമ്മെന്റ് സ്വീകരിച്ച നടപടികൾ തന്നെയാണ്. അത് എന്താണെന്നുവെച്ചാൽ, പരീക്ഷണപരമായി ഏതാനും കൊല്ലത്തേക്ക് തങ്ങളുടെ എഴുത്തുകളിലും പ്രഭാഷണങ്ങളിലും അന്യമതങ്ങളെക്കുറിച്ച് വിവരണപരമായിട്ടോ സൂചനാരൂപത്തിലോ ഒന്നും പറയാതിരിക്കുക എന്നതുതന്നെയാണ്. എന്നാൽ, എത്രവേണമെങ്കിലും സ്വന്തം മതത്തിന്റെ നന്മകളും ശ്രേഷ്ഠതകളും വിവരിച്ചുകാട്ടാവുന്നതാണ്. അതുവഴി പുതിയ പുതിയ വിദ്വേഷങ്ങളുടെയും അസൂയകളുടേയും ബീജാവാപം തടയപ്പെടുകയും പഴയ കഥ



കൾ വിസ്മരിക്കപ്പെടുകയും ജനങ്ങൾ പരസ്പര സ്നേഹത്തിലേക്കും സൗഹൃദത്തലേക്കും മടങ്ങുകയും ചെയ്യും. അതിർത്തികളിലെ കാടന്മാരായ ആളുകൾ ജനങ്ങൾക്കിടയിൽ ഇപ്രകാരമുള്ള സ്നേഹവും സൗഹൃദവും ജനിച്ചിരിക്കുന്നതായികണ്ട് ഒടുവിൽ അതിൽ പ്രഭാവിതരായി, ഒരു മുസ്‌ലിം സഹോദരമുസ്‌ലിമിനോടെന്നപോലെ ക്രിസ്ത്യാനികളുടെ നേരെയും അത്തരത്തിലുള്ള സ്നേഹവും അനുകമ്പയും പ്രദർശിപ്പിച്ചുതുടങ്ങുന്നതാണ്. മറ്റൊരു നിർദ്ദേശം ഇതാണ്: പഞ്ചാബിലെയും ഇന്ത്യയിലെയും മൗലവിമാർ യഥാർത്ഥത്തിൽ ഇന്നത്തെ ജിഹാദ്തത്ത്വത്തിന് എതിരാണെങ്കിൽ അവർ ഇക്കാര്യത്തിൽ പുസ്തകങ്ങൾ രചിച്ചുകൊണ്ട് പുശ്തു ഭാഷയിൽ അതിന്റെ തർജ്ജമകൾ തയ്യാറാക്കി അതിർത്തിപ്രദേശങ്ങളിൽ പ്രചരിപ്പിക്കട്ടെ. അതിനു വലുതായ ഗുണഫലമുണ്ടാകുമെന്നത് തീർച്ചയാണ്. എന്നാൽ, ഈവക കാര്യങ്ങൾക്കെല്ലാംതന്നെ സത്യഹൃദയത്തോടും ആവേശത്തോടുംകൂടി പ്രവർത്തനങ്ങൾ സംഘടിപ്പിക്കയും കാപട്യം കൈവിടുകയും വേണം.

والسلام علی من اتبع الهدی

വിനീതൻ,
മിർസാ ഗുലാം അഹ്മദ്,
വാഗ്ദത്ത മസീഹ്

ഖാദിയാൻ,
22.5.1900.